

JESUS REDEEMS MINISTRIES

# യുവജനലോകം

ഒക്ടോബർ 2025

നീ നിന്റെ ദേശത്തിന്റെ കാവൽക്കാരനാണ്; അതുകൊണ്ട് ആത്മാവിൽ എരിവുള്ളവനായിരിപ്പിൻ!

## തീയായിരിക്കുവിൻ!



# ആമുഖം

**എന്റെ പ്രിയപ്പെട്ട യൗവനക്കാരെ,
യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ!**

നിങ്ങൾ ദൈവത്തിന്റെ ദൃഷ്ടിയിൽ വളരെ പ്രത്യേകതയുള്ളവരാണ്. കർത്താവ് നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു. അനേകർ കർത്താവിനുവേണ്ടി ഇത്രയധികം തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നത് കാണുന്നതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ യൗവനക്കാരായ നിങ്ങൾ പൗലൊസ് പറയുന്നതുപോലെ ആത്മാവിൽ തീക്ഷ്ണതയുള്ളവരായിരിക്കണം.

കഴിഞ്ഞ ദിവസങ്ങളിൽ തമിഴ്നാട്ടിലെ ചില ജില്ലകളിൽ യൗവനസൈന്യം എഴുന്നേറ്റു, കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ നിന്ന ഏലിയാവ്, ദാനിയേൽ എന്നിവരെപ്പോലെ തങ്ങളെ തന്നെ സമർപ്പിക്കുന്നത് കണ്ടപ്പോൾ ഞാൻ എന്റെ കർത്താവിനെ സ്തുതിച്ചു. കർത്താവ് വാഗ്ദത്തം ചെയ്തതുപോലെ വിവിധ സ്ഥലങ്ങളിൽ യൗവനസൈന്യത്തെ എഴുന്നേൽപ്പിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

എഴുന്നേറ്റ നിങ്ങൾ, ശ്രദ്ധയോടും ക്രമമായും നിങ്ങളുടെ വിശ്വാസജീവിതം വിജയകരമായി നയിക്കണം. ആത്മാവിൽ ആരംഭിച്ച പലരും ജഡത്തിൽ പൂർത്തിയാക്കി. എന്നാൽ, അന്ത്യകാലത്തിലെ യൗവനക്കാരായ നിങ്ങൾ ഏലിയാവിന്റെ ആത്മാവിന് അവകാശികളാണ്. ആത്മാവിൽ തീക്ഷ്ണതയുള്ളവനായിരുന്ന ഏലിയാവ്, ആഹാബിന്റെ മുന്നിൽ നിന്നുകൊണ്ട്, 'ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല' എന്നു തീക്ഷ്ണതയോടെ വെല്ലുവിളിച്ച ദൈവപുരുഷനായിരുന്നു. ഇന്നും എന്റെ കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ എഴുന്നേൽക്കുന്ന യൗവനസൈന്യം ആവശ്യമാണ്. ഇസ്രായേലിന്റെ ദൈവം സത്യദൈവമാണെന്ന് തെളിയിക്കുന്ന ഏലിയാവുമാർ എഴുന്നേൽക്കണം!

വേദപുസ്തകത്തിൽ കർത്താവിനെ തള്ളിക്കളഞ്ഞ് പുറം തിരിഞ്ഞുനിന്ന ഇസ്രായേൽ ജനത്തെ ആകാശത്ത് നിന്ന് തീ ഇറക്കി, ദൈവത്തിനു മുന്നിൽ സാഷ്ടാംഗം വീഴുന്ന ഒരു ജനതയാക്കി മാറ്റിയ ശക്തമായ സുവിശേഷ ശുശ്രൂഷ നിർവഹിച്ചവനാണ് ഏലിയാവ്!

ഇനി മുതൽ നിങ്ങളുടെ സുവിശേഷ ശുശ്രൂഷയിൽ ആദ്യകാല അപ്പൊസ്തലന്മാരെപ്പോലെ 'കർത്താവ് മാത്രമാണ് ദൈവം' എന്ന് തെളിയിക്കുന്ന രീതിയിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കണം. അങ്ങനെ കർത്താവ് നിങ്ങളെ ഉപയോഗിക്കണമെങ്കിൽ നിങ്ങൾ ആത്മാവിൽ എപ്പോഴും തീക്ഷ്ണതയുള്ളവരായിരിക്കണം. കർത്താവ് നിങ്ങളെ ഓരോരുത്തരെയും അന്ത്യകാല ഏലിയാവുമാരായി എഴുന്നേൽപ്പ് ഉപയോഗിക്കുമാറാകട്ടെ!

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്




# 400 തടസ്സങ്ങൾ... ഒരു ലക്ഷ്യം




**പ്രിയപ്പെട്ട യുവ നേതൃക്കാർക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ!**

വിദ്യാഭ്യാസമായാലും, കായികമായാലും നാം പിന്തുടരുന്ന ഏത് തൊഴിലായാലും അതിൽ നാം വിജയിക്കണം. ജീവിതത്തിൽ പുരോഗതി കൈവരിക്കുക എന്നതാണ് നമ്മുടെ എല്ലാവരുടെയും പൊതുവായ ആഗ്രഹം.

പക്ഷേ പരാജയം അല്ലെങ്കിൽ എവിടെയെങ്കിലും നിരസിക്കപ്പെടുമ്പോൾ, വിജയിക്കാനുള്ള ആഗ്രഹം അപ്രത്യക്ഷമാകുന്നു. വായനക്കാരായ നിങ്ങൾ ഈ അവസ്ഥയിലാണെങ്കിൽ ഈ ഭാഗം നിങ്ങൾക്കുള്ളതാണ്.

ഉത്തർപ്രദേശിലെ ഗാസിയാബാദിൽ ജനിച്ച ഒരു ആൺകുട്ടി, ഒരു ദിവസം ലോകത്തിലെ ഏറ്റവും ഉയർന്ന ശമ്പളം വാങ്ങുന്ന വ്യക്തിയായി മാറുമെന്ന് ആരും ചിന്തിച്ചിരുന്നില്ല. ആ ആൺകുട്ടിയാണ് നികേഷ് അറോറ. അവന്റെ അച്ഛൻ വ്യോമസേനാ ഉദ്യോഗസ്ഥനായിരുന്നു. അതുകൊണ്ട് അവൻ വളരെ അച്ചടക്കത്തോടെയാണ് വളർന്നത്. പഠനത്തിൽ അവൻ ഒരു മികച്ച വിദ്യാർത്ഥിയായിരുന്നു. IIT -BHUവിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം നേടി. തന്റെ മേഖലയിൽ വിജയം നേടണമെന്ന സ്വപ്നം നിറവേറ്റുവാൻ അമേരിക്കയിലേക്ക് പോയി MBA യും ഫിനാൻസും പൂർത്തിയാക്കി. പഠനം പൂർത്തിയാക്കിയ ഉടൻ തന്നെ ജോലി, സ്ഥാനക്കയറ്റം, പ്രശസ്തി എന്നിവ ലഭിക്കണമെന്ന ചിന്ത എല്ലാവർക്കും ഉണ്ടാകും. അറോറയുടെ കാര്യത്തിലും അങ്ങനെ തന്നെ ആയിരുന്നു.
എന്നാൽ അദ്ദേഹം പ്രതീക്ഷിച്ച വിജയം എളുപ്പത്തിൽ ലഭിച്ചില്ല. തന്റെ സ്വപ്ന ജോലി നേടാൻ ശ്രമിച്ചപ്പോൾ, അദ്ദേഹത്തിന്റെ ജോലി അപേക്ഷകൾ 400 പ്രാവശ്യം നിരസിക്കപ്പെട്ടു. അനവധി നിരസിക്കലുകൾ ഉണ്ടായതിനാൽ ഇതാണ് അവസാനമെന്ന് കരുതി ശ്രമങ്ങൾ അവസാനിപ്പിച്ച് നിരാശപ്പെട്ടുപോയില്ല. അത് ഒരു തുടക്കമായി ഏറ്റെടുത്തു. അവസാനം Fi- delity Investment vice president സ്ഥാനം ലഭിച്ചു. അതിനുശേഷം Google അദ്ദേഹത്തിന്റെ കഴിവ് തിരിച്ചറിഞ്ഞ് EMEA റീജിയണൽ മേലുദ്യോഗസ്ഥനായും, തുടർന്ന് chief Business Officer ആയും സ്ഥാനക്കയറ്റം നൽകി.

പിന്നീട് അദ്ദേഹം Soft Bank Groupൽ President ഉം CEO യുമായി. 2018ൽ Palo Alto Networks കമ്പനിയിൽ CEOയും മേലുദ്യോഗസ്ഥനുമായി ചുമതലയേറ്റു. ആഗോളതലത്തിൽ വ്യവസായത്തിലെ ഏറ്റവും മികച്ചവരിൽ ഒരാളായി അദ്ദേഹം കണക്കാക്കപ്പെടുന്നു. 2023ൽ അദ്ദേഹത്തിന്റെ ശമ്പളം 151.4 മില്യൺ ഡോളറായിരുന്നു. ഇത് അദ്ദേഹത്തെ അമേരിക്കയിലെ ഏറ്റവും ഉയർന്ന ശമ്പളം ലഭിക്കുന്ന CEO മാരിൽ ഒരാളാക്കി മാറ്റി.

**ഇത് വായിക്കുന്ന സ്നേഹിതരെ! 400 പ്രാവശ്യം തിരസ്കരിക്കപ്പെട്ടിട്ടും, അദ്ദേഹം ഓരോ തവണയും എഴുന്നേറ്റ്, തന്റെ സ്വപ്നത്തിനായി വീണ്ടും പോരാടിയതുകൊണ്ടാണ് അറോറ വിജയം കണ്ടെത്തിയത്. അതുപോലെ, തിരസ്കരണമോ പരാജയമോ അവസാനമല്ല! അത് വിജയം കാണുവാൻ നമ്മെ യോഗ്യരാക്കുന്ന ഒരു പാഠമായി നാം സ്വീകരിച്ചാൽ, നാമും വിജയികളാണ്!**



# യഥാർത്ഥ സ്നേഹം ഉയരങ്ങളിൽ എത്തിച്ചു!



ഈരാൽ താലൂക്കിലെ ഒരു ഗ്രാമത്തിൽ താമസിക്കുന്ന സഹോദരി ഗ്രേസ്സിന്റെ ഭവനത്തിൽ പോയപ്പോൾ, ഗ്രാമവാസികൾ വളരെ സ്നേഹത്തോടെ ഞങ്ങളെ സ്വീകരിക്കുകയും ഗ്രേസ്സിന്റെ ഭവനത്തിലേക്ക് കൊണ്ടുപോകുകയും ചെയ്തു. പരമ്പരാഗത ഗ്രാമീണ ആതിഥ്യമര്യാദപ്രകാരം ഒരു കപ്പ് ആവി പറക്കുന്ന കാപ്പി നൽകി ഗ്രേസ്സിനും കുടുംബവും ഞങ്ങളെ സ്വീകരിച്ചു.അവരുടെ മുഖം സന്തോഷത്താൽ നിറഞ്ഞിരുന്നു. ആ ഊഷ്മളതയും സ്നേഹവും സ്വീകരിക്കുന്നതിനോടൊപ്പം ഞങ്ങൾ അവളുമായി അത്ഭുതകരമായ ഒരു അഭിമുഖം നടത്തുകയും ചെയ്തു. ആ അഭിമുഖം നിങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തുന്ന രീതിയിൽ പങ്കുവയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ സാക്ഷ്യത്തിലൂടെ കർത്താവ് നിങ്ങളെ സ്പർശിക്കുകയാണെങ്കിൽ ഞങ്ങളെ അറിയിക്കുവാൻ മറക്കരുത്.

## നിങ്ങളുടെ കുടുംബത്തെയും നിങ്ങളെയും കുറിച്ച് പറയാമോ?

തൂത്തുക്കുടി ജില്ലയിലെ ഈരാൽ താലൂക്കിലെ ഒരു ഗ്രാമത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. ഞാനൊരു ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചതെങ്കിലും, നാമമാത്ര ക്രിസ്ത്യാനിയായാണ് ജീവിച്ചത്. 2019ൽ ഞാൻ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. അതുവരെ എനിക്ക് യേശുവുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല. ഞാൻ ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചതെങ്കിലും, എന്റെ ഇഷ്ടത്തിനനുസരിച്ച് ഞാൻ ജീവിതം നയിച്ചു. എനിക്ക് മുതിർന്ന ഒരു സഹോദരിയുണ്ട്. ഞാൻ എന്റെ മാതാപിതാക്കൾക്കൊപ്പമാണ് താമസിക്കുന്നത്. എനിക്ക് സഹോദരിയുടെ സ്നേഹം ലഭിച്ചിരുന്നുവെങ്കിലും, ഒരു സഹോദരൻ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു എന്ന ആഗ്രഹം എപ്പോഴും എനിക്കുണ്ടായിരുന്നു. ഒരു സഹോദര ബന്ധത്തെ ഞാൻ വളരെയേറെ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് എന്റെ ബന്ധുക്കളായ സഹോദരന്മാരെ എന്റെ സ്വന്തം സഹോദരനെപ്പോലെ കരുതി , അവർ എപ്പോഴും എനിക്ക് സഹായമായിരിക്കുമെന്ന് വിശ്വസിച്ച് വളരെ





സ്നേഹിച്ചു.  പക്ഷേ ഞാൻ +2 പൂർത്തിയാക്കിയപ്പോൾ ആ വിശ്വാസമെല്ലാം തകർന്നു.  അവർ പറഞ്ഞ വാക്കുകൾ എന്റെ ഹൃദയത്തെ തകർത്തു.  അപ്പോഴാണ് എല്ലാവരുടെയും സ്നേഹം മിഥ്യയാണെന്ന് എനിക്ക് മനസ്സിലായത്.

**നിങ്ങൾ സഹോദരനെപ്പോലെ സ്നേഹിച്ചവർ നിങ്ങളെ വേദനിപ്പിച്ചു... ആ മുറിവുകൾ ഭേദമാക്കാൻ വേറെ ബന്ധം ലഭിച്ചുവോ?**

ഞാൻ വളരെ വേദനയോടെ കർത്താവിന്റെ സന്നിധിയിൽ പോയി, 'സഹോദരന്മാരായി ഞാൻ സ്നേഹിച്ചവർ എന്നെ വേദനിപ്പിച്ചല്ലോ' എന്ന് പറഞ്ഞു കരഞ്ഞു. 'യേശുവേ ഈ ലോകം മായയാണ്, മനുഷ്യർ സ്വന്തം നേട്ടത്തിനായി മാത്രം സ്നേഹിക്കുന്നു. എന്നാൽ യഥാർത്ഥ സ്നേഹം നൽകുന്ന അങ്ങയെ ഞാൻ മറന്നുപോയി. ഇനി എനിക്ക് ഈ ലോകസ്നേഹം ആവശ്യമില്ല, എനിക്ക് അങ്ങ് മാത്രം മതി' എന്ന് പ്രാർത്ഥിച്ചപ്പോൾ, ഞാൻ ചെയ്ത പാപങ്ങളെക്കുറിച്ച് യേശു എന്നെ ഓർമ്മിപ്പിച്ച് സമർപ്പണത്തോടുള്ള പ്രാർത്ഥനയിലേക്ക് നയിച്ചു. ഇത്രയും വർഷങ്ങൾ പാഴാക്കി, പാപം ചെയ്ത് അങ്ങയെ വേദനിപ്പിച്ചു എന്ന് എന്റെ പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് എന്നെ സമർപ്പിച്ചു. 2019 മെയ് 19ന് യേശുവിനെ എന്റെ സ്വന്തം രക്ഷകനായി സ്വീകരിച്ചു, എന്റെ ജീവിതം മുഴുവനായി കർത്താവിനായി സമർപ്പിച്ചു. ആ ദിവസമാണ് ഞാൻ രക്ഷ പ്രാപിച്ചത്. അന്നുമുതൽ ഒരു സഹോദരനെപ്പോലെ യേശു എന്നെ നയിച്ചുവരുന്നു.

**സൂപ്പർ... യേശുവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ചു... അതിനുശേഷം യേശുവുമായുള്ള നിങ്ങളുടെ ബന്ധം എങ്ങനെയായിരുന്നു?**

അതുവരെ എന്റെ പ്രാർത്ഥനാ സമയം 5 മിനിറ്റ് ആയിരുന്നു. ദേശത്തിനുവേണ്ടിയും,

**എനിക്ക് ഇനി ലോക സ്നേഹം ആവശ്യമില്ല; എനിക്ക് നീ മാത്രം മതി.**

നശിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കുവേണ്ടിയും, ഉണർവിനായും പ്രാർത്ഥിക്കണം എന്ന് എനിക്ക് അറിയില്ലായിരുന്നു. അപ്പോഴാണ് ലോക്ക് ഡൗൺ വന്നതും, വരുവിൻ പ്രാർത്ഥിക്കാം പരിപാടിയിലൂടെ എന്തിനുവേണ്ടി, എങ്ങനെ പ്രാർത്ഥിക്കണം എന്ന് മനസ്സിലാക്കിയതും. അതുമുതൽ എന്റെ പ്രാർത്ഥനാ സമയം വർദ്ധിച്ചു. എനിക്ക് അഭിഷേകം പ്രാപിക്കണം എന്ന ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ട് അതിനുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഞാൻ രക്ഷ പ്രാപിച്ചതിനുശേഷം വേദപുസ്തകം വായിക്കുവാനും ധ്യാനിക്കുവാനും തുടങ്ങി. ഓരോ ദിവസവും കർത്താവിന്റെ വചനം കളിമണ്ണായ എന്നെ രൂപാന്തരപ്പെടുത്തി. കർത്താവിന്റെ വചനം വായിക്കുന്തോറും, ഞാൻ എങ്ങനെ ജീവിക്കണമെന്നും, എങ്ങനെ ജീവിക്കുവാൻ പാടില്ല എന്നും പഠിച്ചു. വേദപുസ്തകം വായിക്കുന്തോറും അതിനോട് വളരെയധികം താൽപര്യം ഉണ്ടായി. ഞാൻ വിഷമത്തോടിരുന്നപ്പോൾ, എന്റെ കണ്ണുനീർ തുടച്ചതും, എന്നെ നയിച്ചതും വേദപുസ്തകമായിരുന്നു. ഞാൻ യേശുവിനെ കൂടുതൽ രുചിച്ചറിയുവാൻ തുടങ്ങി.

**ശരി... പ്രാർത്ഥിക്കാൻ പഠിച്ചു! യേശുവിനെ കൂടുതലായി രുചിച്ചറിയുവാനും തുടങ്ങി... നിങ്ങൾ അതിയായി ആഗ്രഹിച്ച അഭിഷേകം പ്രാപിച്ചുവോ?**

അതെ. Igniters Campൽ പങ്കെടുത്തപ്പോൾ, കർത്താവ് എന്നെ അഭിഷേകം ചെയ്തു.  അന്യഭാഷയും യുദ്ധ അഭിഷേകവും സുവിശേഷ അഭിഷേകവും നൽകുകയും ചെയ്തു. കൊറോണ സമയത്ത്, ഞാൻ അധികസമയം യേശുവിനോടൊപ്പം ചെലവഴിച്ചു. ഞാൻ വളരെ സന്തോഷത്തോടിരുന്നു. ഞാൻ കർത്താവിനോടും, കർത്താവ് എന്നോടും



സംസാരിക്കുന്ന അനുഭവം എനിക്ക് വളരെ സന്തോഷം നൽകി. യേശുവിനെ സ്വീകരിച്ചതിനുശേഷം എന്റെ പാപസ്വഭാവങ്ങൾ നീങ്ങി, ഞാൻ പുതിയ വ്യക്തിയായി മാറി.

### സൂപ്പർ... കർത്താവ് നിങ്ങളെ അഭിഷേകം ചെയ്തു...! 12-ാം ക്ലാസ്സോടെ നിങ്ങൾ പഠനം അവസാനിപ്പിച്ചോ?

ഇല്ല... 12-ാം ക്ലാസ് കഴിഞ്ഞപ്പോൾ നീറ്റ് പഠിക്കാൻ ശ്രമിച്ചു. പക്ഷേ കിട്ടിയില്ല. നഴ്സിംഗ് പഠിക്കാൻ ശ്രമിച്ചു. അതിന് ധാരാളം ഫീസ് അടയ്ക്കണമെന്നതുകൊണ്ട് അതിനും പോയില്ല. എന്ത് പഠിക്കണം എന്ന് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആഗസ്റ്റ് മാസമായപ്പോൾ എന്റെയുള്ളിൽ ഭയം ഉണ്ടായി. ഒരു വർഷം പാഴാകുമെന്ന് കരുതി, എന്റെ നാട്ടിലെ കോളേജിൽ B.Sc Maths എടുത്ത് പഠിക്കാം എന്ന് അന്വേഷിച്ചപ്പോൾ, അഡ്മിഷൻ അവസാനിച്ചു എന്നു പറഞ്ഞു. അതേ കോളേജിൽ എഞ്ചിനീയറിങ്ങിന് 2 സീറ്റുകൾ ഉണ്ടെന്ന് പറഞ്ഞു. ഫീസ് എത്രയാണെന്ന് ചോദിച്ചപ്പോൾ, ഒരു വർഷത്തേക്ക് 30,000 രൂപ അടയ്ക്കണം, അതുകൂടാതെ മറ്റ് ഫീസുകളും ഉണ്ടെന്ന് പറഞ്ഞു. എന്റെ വീട്ടിൽ പിതാവ് മാത്രമാണ് ജോലി ചെയ്ത് പണം സമ്പാദിക്കുന്നത്, അതുകൊണ്ട് എങ്ങനെ എന്റെ വിദ്യാഭ്യാസത്തിന് ഇത്രയേറെ ഫീസ് അടയ്ക്കുവാൻ കഴിയും, യേശുവേ, ഞങ്ങൾക്ക് ഇത്രയധികം ഫീസ് അടയ്ക്കുവാൻ കഴിയില്ലല്ലോ എന്ന് പറഞ്ഞ് കരഞ്ഞുകൊണ്ടിരുന്നു. ഞാൻ പ്രാർത്ഥിച്ചില്ല. 4 വർഷത്തേക്ക് ധാരാളം പണം വേണ്ടിവരുമെന്ന് യേശുവിനോട് സംസാരിക്കുകയായിരുന്നു.

ആ സമയത്താണ് എനിക്ക് കോളേജിൽ നിന്ന് ഒരു കോൾ വന്നത്. 500ലധികം മാർക്ക് നേടിയതുകൊണ്ട്, യാതൊരു ഫീസും അടയ്ക്കേണ്ട. ബസ് ഫീസ് മാത്രം അടച്ചാൽ മതി, ഉടൻ തന്നെ കോളേജിൽ ചേരണം എന്നു പറഞ്ഞു. എന്റെ സന്തോഷത്തിന് അതിരുകളില്ലായിരുന്നു. ഞാൻ അഡ്മിഷന് പോയപ്പോൾ, പ്രിൻസിപ്പൽ മാഡം എന്റെ മാർക്ക് ഷീറ്റ് കണ്ടു. അപ്പോൾ ഒന്നും പറഞ്ഞില്ല. പക്ഷേ ഞാൻ യേശുവിനോട് പറഞ്ഞു തീരുന്നതിനുമുമ്പ് എന്റെ ആവശ്യം മനസ്സിലാക്കി, എന്റെ സഹോദരന് എനിക്ക് ചെയ്തുതരാൻ കഴിയുന്നതിനേക്കാൾ വളരെ നന്നായി എന്റെ പഠനം പൂർത്തിയാക്കുവാൻ കർത്താവ് എന്നെ സഹായിച്ചു.

### ഹല്ലേലൂയാ...! എന്തൊരു അത്ഭുതം... ! കർത്താവ് ഇത്രയും വലിയ അത്ഭുതം പ്രവർത്തിച്ചതിനുശേഷം നിങ്ങളുടെ പഠനം എങ്ങനെ പൂർത്തീകരിച്ചു?

ഞാൻ തമിഴ് മീഡിയം പഠിച്ചതുകൊണ്ട്, BE പഠിക്കാൻ കോളേജിൽ ചേർന്നപ്പോൾ ഇംഗ്ലീഷ് എനിക്ക് വളരെ



പ്രയാസമായിരുന്നു. ഞാൻ കർത്താവിനോട് ജ്ഞാനം ചോദിച്ചപ്പോൾ, ശലോമോന് നൽകിയ ജ്ഞാനം എനിക്കും നൽകുമെന്ന് കർത്താവ് വാഗ്ദത്തം നൽകി. അതുപോലെ കർത്താവ് എനിക്ക് ജ്ഞാനം നൽകി, ധാരാളം Medals ഉം Shields ഉം നേടുവാൻ സഹായിച്ചു. ഡിപ്പാർട്ടുമെന്റിൽ 2nd rank നേടുവാനും കർത്താവ് കൃപ നൽകി. അവസാന സെമസ്റ്ററിൽ പ്രോജക്ട് ചെയ്യുവാൻ എന്നെ Team leaderആയി നിയമിച്ചു. എന്ത് ചെയ്യണമെന്ന് എനിക്കറിയല്ല. പ്രാർത്ഥനയിൽ ഞാൻ കർത്താവിനോട് ചോദിച്ചപ്പോൾ അത്ഭുതമായി എന്നെ നയിക്കുകയും Best Paper Presentation എന്ന അവാർഡ് നേടുവാൻ കർത്താവ് എന്നെ സഹായിക്കുകയും ചെയ്തു. പരാജയം മാത്രം നേരിട്ടിരുന്ന ഞാൻ, കർത്താവിനോട് ചേർന്നിരുന്നപ്പോൾ കർത്താവ് എനിക്ക് ധാരാളം വിജയം നൽകുകയും എന്നെ ഉയർത്തുകയും ചെയ്തു.

### ശരി... കർത്താവ് നിങ്ങളുടെ പഠനത്തിൽ നേട്ടങ്ങൾ കൈവരിക്കുവാൻ സഹായിച്ചു... ധാരാളം അത്ഭുതങ്ങൾ ചെയ്തു... ഇത്രയധികം നന്മകൾ ചെയ്ത കർത്താവിനുവേണ്ടി നിങ്ങൾ എന്താണ് ചെയ്തത്?

Igniters Campൽ പോയപ്പോൾ ശുശ്രൂഷ ചെയ്യണമെന്ന് എല്ലാവരും പറഞ്ഞു. അതുമാത്രമല്ല, ആ ക്യാമ്പിൽ കർത്താവ് എനിക്ക് സുവിശേഷ അഭിഷേകവും



**പരാജയം മാത്രം നേരിട്ടിരുന്ന ഞാൻ, കർത്താവിനോട് ചേർന്നിരുന്നപ്പോൾ, കർത്താവ് എനിക്ക് ധാരാളം വിജയം നൽകുകയും എന്നെ ഉയർത്തുകയും ചെയ്തു.**



നൽകപ്പെട്ടിരുന്നു. പഠിക്കുമ്പോൾ തന്നെ ശുശ്രൂഷ ചെയ്യാം എന്ന് മോഹൻ uncle എന്നോട് പറഞ്ഞു. എനിക്കും സുവിശേഷം അറിയിക്കണമെന്ന ആഗ്രഹവും ഭാരവും ഉണ്ടായിരുന്നു. പക്ഷേ യുദ്ധം (പിശാചിനോട്) ചെയ്യുവാനോ, സുവിശേഷം പ്രസംഗിക്കുവാനോ ധൈര്യമില്ല. എല്ലാത്തിനെയും ഞാൻ വളരെ ഭയപ്പെട്ടിരുന്നു. എന്നാൽ അതിനായി കർത്താവ് എന്നെ രൂപാന്തരപ്പെടുത്തുകയും, പരിശീലിപ്പിക്കുകയും ചെയ്തു. സുവിശേഷം പ്രസംഗിക്കാൻ പുറത്ത് പോകുവാൻ എനിക്ക് ഭയമായിരുന്നതുകൊണ്ട്, കർത്താവ് എന്റെ മൊബൈൽ ഫോണിലൂടെ സുവിശേഷം അറിയിക്കുവാൻ സഹായിച്ചു. എല്ലാ ദിവസവും രാവിലെ എന്റെ വ്യക്തിപരമായ പ്രാർത്ഥനയിൽ കർത്താവ് എന്നോട് സംസാരിക്കുന്ന വചനം എന്റെ വാട്ട്സ്ആപ്പ് സ്റ്റാറ്റസായി ഇടുകയും, 'കർത്താവേ ഞാൻ അയക്കുന്ന ഈ വചനം വായിച്ച് കുറഞ്ഞത് ഒരു ആത്മാവെങ്കിലും രക്ഷ പ്രാപിക്കേണമേ' എന്ന് പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. തൽഫലമായി, എന്റെ തമിഴ് അദ്ധ്യാപകർ ഈ വചനങ്ങൾ വായിച്ച് യേശുവിനെ സ്വീകരിച്ചു. അതുപോലെ കർത്താവിനെ അറിയാത്ത എന്റെ സ്നേഹിതരും ഈ വചനം എന്നോട് സംസാരിച്ചു എന്നു പറഞ്ഞിരുന്നു. ഇതിലൂടെ ഞാൻ സുവിശേഷം അറിയിച്ചു വരുന്നു. അതിനെ തുടർന്ന് ഞങ്ങൾ കൂട്ടമായി പോയി സുവിശേഷം അറിയിച്ചു വരുന്നു. ഇക്കാരണത്താൽ, കർത്താവ് എന്റെ ആത്മീയ ജീവിതത്തെ മാത്രമല്ല, ഭൗതീക ജീവിതത്തെയും അനുഗ്രഹിച്ചു.

## യൗവനക്കാരോട് എന്താണ് പറയാനുള്ളത്?

യൗവനക്കാരായ നിങ്ങൾ എല്ലാവരെയും സ്നേഹിക്കുക, പക്ഷേ ആരെയും വിശ്വസിക്കരുത്. എന്നേക്കും വിശ്വസ്തനായിരിക്കുന്നത് യേശു മാത്രമാണ്. നിങ്ങൾക്ക് അമ്മയോ, അച്ഛനോ, സ്നേഹിതരോ ഇല്ലാതിരിക്കാം. പക്ഷേ കർത്താവ് നിങ്ങൾക്ക് ഒരു അമ്മയും, അച്ഛനും, സ്നേഹിതനും എല്ലാം ആയിരിക്കുമെന്നതിൽ സംശയമില്ല.

നിങ്ങളുടെ പാപം എന്തുതന്നെ ആയാലും, യേശുവിന്റെ അടുക്കൽ വരുമ്പോൾ കർത്താവ് നിങ്ങളെ വിശുദ്ധരാക്കും. ഏത് കാര്യമായിരുന്നാലും ആദ്യം കർത്താവിനോട് പറഞ്ഞ് പ്രാർത്ഥിക്കുവിൻ. വേദപുസ്തകത്തെ സ്നേഹിക്കുവിൻ. വേദപുസ്തകം വായിക്കുന്നത് നിർത്തരുത്. വേദപുസ്തകം നിങ്ങളെ ശരിയായ പാതയിലേക്ക് നയിക്കും.

**പ്രിയപ്പെട്ട യൗവനക്കാരെ എല്ലാവരും യേശുവിനെ മാതാവും പിതാവുമായി സ്വീകരിക്കും. എന്നാൽ സഹോ. ഗ്രേസ്ലിൻ തങ്കം യേശുവിനെ തന്റെ സഹോദരനായി കണ്ടിരുന്നു. നിങ്ങൾ ആഗ്രഹിക്കുന്ന ബന്ധം നിങ്ങൾക്ക് ലഭിക്കുന്നില്ല എന്ന് ഭാരപ്പെടാതിരിക്കുവിൻ. എല്ലാത്തിലും നിങ്ങളെ സഹായിക്കാൻ ഒരു സഹോദരനായി യേശു നിങ്ങളോടുകൂടെ ഉണ്ടാകും. കർത്താവിനെ എപ്പോഴും നിങ്ങളുടെ മുന്നിൽ വയ്ക്കുവിൻ. കർത്താവ് നിങ്ങളുടെ വലതുഭാഗത്ത് ഇരിക്കുമ്പോൾ നിങ്ങൾ കുലങ്ങുകയില്ല!**



**ദൈവം എന്റെ ആത്മീയ ജീവിതത്തെ മാത്രമല്ല, എന്റെ ലൗകിക ജീവിതത്തെയും പല വിധത്തിൽ അനുഗ്രഹിച്ചിരിക്കുന്നു.**



# എഴുന്നേറ്റ് പ്രകാശിക്ക!

കർത്താവായ യേശുക്രിസ്തുവിന്റെ മാധുര്യ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹാശംസകൾ!



എല്ലാ മാസവും കർത്താവ് തന്റെ വചനത്തിലൂടെ നിങ്ങളെ ശക്തിപ്പെടുത്തുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. ഈ മാസം നിങ്ങളെ നോക്കി, "എന്റെ മകനെ(ളെ), നിന്റെ പ്രകാശം വന്നിരിക്കുന്നു; എന്റെ വെളിച്ചം ഞാൻ നിനക്ക് നൽകിയിരിക്കുന്നു" എന്ന് വാഗ്ദത്തം നൽകിയിരിക്കുന്നു. അതേ സമയം, "നീ എഴുന്നേറ്റ് പ്രകാശിക്കണം" എന്ന് ഒരു കല്പനയും നിങ്ങൾക്ക് നൽകിയിരിക്കുന്നു.

**ഇന്ന് നാം എല്ലാവരും ഇരുണ്ട കാലത്താണ് ജീവിക്കുന്നത്. ഓരോ ദിവസവും മരണങ്ങൾ, കൊലപാതകങ്ങൾ, രക്തച്ചൊരിച്ചിലുകൾ, യുദ്ധങ്ങൾ, ക്ഷാമം, പകർച്ചവ്യാധികൾ എന്നിങ്ങനെ, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം തിന്മകൾ രാഷ്ട്രങ്ങളിൽ വർദ്ധിച്ചുവരുന്നതായി നാം കാണുന്നു.**

പിശാചു തനിക്കു അല്പകാലമേയുള്ളൂ എന്ന് അറിഞ്ഞ് (വെളി.12:12) മഹാക്രോധത്തോടെ ഭൂമിയിലേക്ക് ഇറങ്ങിവന്ന്, മനുഷ്യവർഗത്തിനെതിരെ പല തരത്തിലുള്ള തിന്മകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന ഇരുട്ടിന്റെ പ്രവൃത്തികളെ മറികടക്കുവാൻ വെളിച്ചത്തിന് മാത്രമേ കഴിയൂ. അതുകൊണ്ടാണ് യേശുക്രിസ്തു, **"ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു"** (യോഹ.9:5) എന്ന് പറഞ്ഞത്. മരണത്തിന്റെ അന്ധകാരത്തിലിരിക്കുന്നവർക്ക് വെളിച്ചം നൽകുവാൻ, വെളിച്ചമായ യേശുക്രിസ്തു ഈ ലോകത്തിലേക്ക് വന്നു. ഇന്ന് ആ വെളിച്ചമായ യേശുവിനെ നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ, നിങ്ങളുടെ ഇരുണ്ട ജീവിതം വെളിച്ചമായി മാറും. ആ വെളിച്ചം നിങ്ങളിലൂടെ മറ്റുള്ളവരുടെ മദ്ധ്യത്തിലും പ്രകാശിക്കണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു.

**ഏതെല്ലാം വിധത്തിൽ നമുക്ക് വെളിച്ചം നൽകുവാൻ കഴിയും?**

## 'സൽപ്രവൃത്തികൾ' എന്ന വെളിച്ചം!

**"മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"** (മത്തായി 5:16) എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.

നിങ്ങളുടെ നഗരത്തിൽ, നിങ്ങൾ താമസിക്കുന്ന സ്ഥലത്ത്, ജോലി ചെയ്യുന്ന സ്ഥലത്ത്, പഠിക്കുന്ന സ്ഥലത്ത്, ശുശ്രൂഷ ചെയ്യുന്ന സ്ഥലത്ത്, ബിസിനസ്സ് ചെയ്യുന്ന സ്ഥലത്ത്, നിങ്ങളുടെ ചുറ്റുമുള്ള ആളുകൾ നിങ്ങളുടെ നല്ല പ്രവൃത്തികൾ കാണണം. നിങ്ങൾ നല്ല പ്രവൃത്തികൾ ചെയ്യുന്നതിലൂടെ നിങ്ങൾ പ്രകാശിക്കുമെന്ന് കർത്താവ് പറയുന്നു. (മത്തായി 5:16). അങ്ങനെ നിങ്ങൾ നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ, ആ സ്ഥലത്തെ ഇരുട്ട് നീങ്ങുകയും വെളിച്ചം പ്രത്യക്ഷപ്പെടുകയും ചെയ്യും. നല്ല പ്രവൃത്തികളിലൂടെ നിങ്ങൾ അത് നേടിയെടുക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു.



നിങ്ങളുടെ നല്ല സ്വഭാവത്തിലൂടെയും നിങ്ങൾ ചെയ്യുന്ന പ്രവൃത്തികളിലൂടെയും യേശുക്രിസ്തുവിന്റെ വെളിച്ചം നിങ്ങളിലേക്ക് വരുവാൻ സ്ഥാനം നൽകുകയും,

മറ്റുള്ളവർക്കിടയിൽ പ്രകാശിക്കുന്ന ഒരു ജീവിതം നിങ്ങൾ നയിക്കുകയും വേണം. അപ്പോൾ നിങ്ങൾക്ക് ചുറ്റുമുള്ള ഇരുട്ട് സ്വയമേ അപ്രത്യക്ഷമാകുമെന്ന് കർത്താവ് നിങ്ങൾക്ക് വാക്ക് നൽകുന്നു.

## പരിശുദ്ധാത്മാവാകുന്ന വെളിച്ചം!



"കർത്താവിനു പ്രിയരായ സഹോദരന്മാരേ, ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷയ്ക്കായി തിരഞ്ഞെടുത്തതുകൊണ്ട്..." (2 തെസ്. 2:13) എന്ന് കർത്താവിന്റെ വചനം പറയുന്നു. ഒരു ചിമ്മിനി വിളക്ക് കത്തണമെങ്കിൽ, അത് നന്നായി വൃത്തിയാക്കിയിട്ടുണ്ടെങ്കിൽ പോലും എണ്ണ ഒഴിച്ചാൽ മാത്രമേ വിളക്ക് തിളക്കത്തോടെ കത്തുകയുള്ളൂ. ഇതിൽ എണ്ണ എന്നത് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. കത്തുന്ന വിളക്ക് അത് ഇരിക്കുന്ന സ്ഥലത്തിൽ വെളിച്ചം നൽകുന്നതുപോലെ, നിങ്ങളും ഈ ലോകത്തിന് വെളിച്ചമായിരിക്കണം. എല്ലാ ദിവസവും നിങ്ങൾ രാവിലെ എഴുന്നേറ്റ്, തയാറെടുത്ത്, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പ്രാർത്ഥിക്കണം. അങ്ങനെ പ്രാർത്ഥിക്കുന്നതിലൂടെ കർത്താവ് നിങ്ങളിൽ ആഗ്രഹിക്കുന്ന വിശുദ്ധിയും ശക്തിയും ഉളവാകും. അപ്പോൾ നിങ്ങൾ വെളിച്ചമായി മാറി പ്രകാശിക്കുവാൻ തുടങ്ങും. നിങ്ങളുടെ മുഖത്ത് ഒരു തിളക്കം ഉണ്ടാകും. നിങ്ങളുടെ സംസാരത്തിലും പ്രവൃത്തികളിലും ഒരു തിളക്കമുണ്ടെന്ന് ചുറ്റുമുള്ളവർക്ക് കാണാൻ കഴിയും. അതുകൊണ്ട് എല്ലാ ദിവസവും നിങ്ങൾ പരിശുദ്ധാത്മാവാകുന്ന എണ്ണയാൽ നിറയേണ്ടത് വളരെ അത്യാവശ്യമാണ്. ഇതുവരെ നിങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ചിട്ടില്ലെങ്കിൽ, അതിനുവേണ്ടി വാഞ്ഛിക്കുകയും കർത്താവിനോട് പ്രാർത്ഥിച്ച് പ്രാപിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾ ഈ ലോകത്തിന് വെളിച്ചമായിരിക്കും!

## എഴുന്നേറ്റ് പ്രകാശിക്കുവിൻ!

"വിളക്കു കൊളുത്തീട്ട് ആരും നിലവറയിലോ പറയിൻകീഴിലോ വയ്ക്കാതെ അകത്തു വരുന്നവർ വെളിച്ചം കാണേണ്ടതിന് തണ്ടിന്മേൽ അത്രേ വയ്ക്കുന്നത്" (ലൂക്കോസ് 11:33) എന്ന് കർത്താവായ യേശുക്രിസ്തു പറയുന്നു. നാം വിളക്ക് വൃത്തിയാക്കിയാൽ മാത്രം പോരാ. ആ വിളക്ക് കത്തിച്ച്, അതിനെ മൂടി വയ്ക്കാതെ, അത് എല്ലാവർക്കും പ്രകാശം നൽകുന്ന തരത്തിൽ ശരിയായ സ്ഥലത്ത് വയ്ക്കണം. അപ്പോൾ മാത്രമേ വിളക്ക് വെളിച്ചം നൽകുകയുള്ളൂ. അതുപോലെ തന്നെ എണ്ണയാകുന്ന പരിശുദ്ധാത്മാവ് നമ്മിലേക്ക് പകരപ്പെടുകയും, ആ അഗ്നി നമ്മിൽ കത്തിയതിനുശേഷം, മറഞ്ഞിരിക്കാതെ നാം എഴുന്നേറ്റ് പ്രകാശിക്കുകയും, മറ്റുള്ളവർക്ക് വെളിച്ചം പകരുകയും വേണം. നിങ്ങളുടെ ജീവിതത്തിൽ കാണപ്പെടുന്ന ചില ബലഹീനതകളും, കുറവുകളും കൊണ്ട് നിങ്ങളുടെ വെളിച്ചം നിങ്ങൾ തന്നെ മൂടി വയ്ക്കരുത്. നിങ്ങൾ തണ്ടിന്മേലിരിക്കുന്ന വിളക്കായി, മറ്റുള്ളവരുടെ മദ്ധ്യത്തിൽ എഴുന്നേറ്റ് പ്രകാശിക്കണം. അതായത്, ഒരു വിളക്ക് കത്തിച്ച്, വെളിച്ചം നൽകുന്ന രീതിയിൽ അതിന്റേതായ തണ്ടിന്മേൽ തന്നെ സ്ഥാപിക്കണം. അപ്പോൾ മാത്രമേ വിളക്ക് പ്രകാശിക്കുകയും, ആ സ്ഥലത്തുള്ള ഇരുട്ടിനെ അകറ്റുകയും ചെയ്യുകയുള്ളൂ. അതുകൊണ്ടാണ് കർത്താവ് നിങ്ങളെ നോക്കി: "എന്റെ മകനെ(ളെ), നീ എഴുന്നേറ്റ് പ്രകാശിക്ക! നീ എഴുന്നേറ്റ് പ്രകാശിച്ചാൽ, നിന്റെ ഭവനത്തിലും, നിന്റെ പ്രദേശത്തും, നിന്റെ നഗരത്തിലുമുള്ള പിശാചിന്റെ ഇരുട്ട് നീങ്ങും! നിനക്ക് വിരോധമായി പോരാടുന്ന പിശാചിന്റെ എല്ലാ പ്രവൃത്തികളും പൂർണ്ണമായും നശിപ്പിക്കപ്പെടും" എന്നു പറഞ്ഞ് നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്.

**എന്റെ പ്രിയപ്പെട്ട മകനേ, മകളേ! വെളിച്ചം നൽകുന്ന യേശുക്രിസ്തു ഇന്ന് നിങ്ങളുടെ ജീവിതത്തിലേക്ക് കടന്നുവന്നിട്ടുണ്ടോ?**

**കർത്താവിനെ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ചിട്ടുണ്ടോ? ആലോചിച്ചു നോക്കുവിൻ. ഒരുപക്ഷേ നിങ്ങൾ കർത്താവിനെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പോലും, നിങ്ങൾക്ക് ചുറ്റും ഇരുട്ടായ എന്തെങ്കിലും കറുത്ത മാലിന്യങ്ങൾ (അഴുക്ക്) നിങ്ങളെ മൂടിയിരിക്കുന്നുവോ?**

**അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ ആദ്യം അത് ശരിയാക്കുവിൻ. അപ്പോൾ തീർച്ചയായും നിങ്ങൾക്ക് എഴുന്നേറ്റ് പ്രകാശിക്കുവാൻ കഴിയും...!**



# തീയായിരിക്കുവിൻ!!

**ഇന്ന് കർത്താവിനുവേണ്ടി എരിയുകയും പ്രകാശിക്കുകയും ചെയ്യേണ്ട യൗവനക്കാർ ശീതവാനോ ഉഷ്ണവാനോ അല്ലാതെ ശീതോഷ്ണവാനായി ജീവിതം നയിച്ചുവരുന്നു. നാം നമ്മുടെ ഇഷ്ടപ്രകാരം ജീവിതം നയിക്കുവാൻ വേണ്ടിയല്ല യേശുക്രിസ്തു ക്രൂശിൽ രക്തം ചിന്തിയത്. നാം യേശുവിനായി ജീവിക്കുവാൻ വേണ്ടിയാണ് തന്റെ വിലയേറിയ രക്തം ചൊരിഞ്ഞത്. നാം ലോകത്തിനുവേണ്ടിയും ക്രിസ്തുവിനുവേണ്ടിയും ജീവിക്കുവാനല്ല! യേശുവിനായി ജീവിക്കുവാനാണ് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ രക്തം ചിന്തപ്പെട്ടത്.**

യോശുവ യിസ്രായേൽ ജനങ്ങളെ നോക്കി, യഹോവയെ സേവിക്കുന്നത് നന്നല്ലെന്ന് നിങ്ങൾക്കു തോന്നുന്നെങ്കിൽ, നദിക്കക്കരെവച്ച് നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തുവരുന്ന ദേശത്തിലെ അമോര്യരുടെ ദേവന്മാരെയോ ആരെ സേവിക്കും എന്ന് ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും! ഇസ്രായേൽ ജനം കർത്താവിന്റെ സ്വന്തം ജനമായിരുന്നു. എന്നാൽ അവർ പിന്തിരിഞ്ഞ് മറ്റ് ദൈവങ്ങളെ സേവിച്ചു. ഇപ്പോൾ യോശുവ ദൈവത്തിനുവേണ്ടി തീക്ഷ്ണതയോടെ എഴുന്നേറ്റ് ജനങ്ങളോട് ഈ വാക്കുകൾ പറഞ്ഞു. യേശുവും വേണം ലോകവും വേണം എന്ന് ആഗ്രഹിച്ചുകൊണ്ട് നിങ്ങൾക്ക് രണ്ടു ജീവിതം നയിക്കാൻ കഴിയില്ല. നിങ്ങൾ കർത്താവിനുവേണ്ടി തീക്ഷ്ണതയുള്ളവരായിരിക്കണം.

കർത്താവിന്റെ മക്കളായ നമ്മൾ യോശുവയെപ്പോലെ തീക്ഷ്ണതയുള്ളവരായിരുന്നെങ്കിൽ, ഇന്ന് ഇന്ത്യൻ ജനത മുഴുവൻ യേശുവിനെ അറിയുമായിരുന്നു. എന്നാൽ അവരിൽ മിക്കവർക്കും ലോകത്തെ വിട്ടുപോകാൻ കഴിയാതെയും, യേശുവിനെ വിട്ടുപോകുവാൻ കഴിയാതെയുമിരിക്കുന്നതിനാൽ ഇരുണ്ട ലോകത്തിൽ പ്രകാശിക്കുവാൻ കഴിയുന്നില്ല. ഇസ്രായേലിൽ എപ്പോഴൊക്കെ നല്ല നേതാക്കന്മാർ ഉണ്ടായിരുന്നുവോ അപ്പോഴെല്ലാം ജനങ്ങൾ പൂർണ്ണഹൃദയത്തോടെ കർത്താവിനെ പിന്തുടർന്നിരുന്നു. അവരെ നയിക്കുവാൻ നല്ല രാജാക്കന്മാർ ഇല്ലാതിരുന്നപ്പോൾ ജനങ്ങൾ യഹോവയുടെ ദൃഷ്ടിയിൽ തിന്മ പ്രവർത്തിച്ചു. കർത്താവ് അവർക്കുവേണ്ടി എത്ര നന്മകളും അത്ഭുതങ്ങളും ചെയ്തിട്ടും, അവർ കർത്താവിനെ മറക്കുകയും അകന്നുപോകുകയും ചെയ്തു.



ശീതോഷ്ണവാന്മാരായി ജീവിച്ചിരുന്നതിനാൽ, അവർക്ക് വാഗ്ദത്തം ചെയ്യപ്പെട്ട കനാൻ ദേശത്തേക്ക് പ്രവേശിക്കാൻ കഴിഞ്ഞില്ല. തീക്ഷ്ണതയോടിരുന്ന യോശുവ കനാനിലേക്ക് പ്രവേശിച്ചു.

നിങ്ങൾ ഈ ഭൂമിയിൽ വിശുദ്ധിയോടെ ജീവിക്കുകയും യേശുവിനെ മുറുകെ പിടിക്കുകയും ചെയ്താൽ മാത്രമേ സ്വർഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കൂ എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

രണ്ടു രാജാക്കന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല (മത്തായി 6:24) ഒരുത്തനെ പകച്ചു മറ്റവനെ സ്നേഹിക്കും അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴികയില്ല. ലോകവും അതിന്റെ മോഹങ്ങളും ഒരു



ദിവസം കടന്നുപോകും. അതിനെ പിന്തുടരുന്നവരും അങ്ങനെ തന്നെ അവസാനിക്കും. കർത്താവിനുവേണ്ടി തീക്ഷ്ണതയോടിരിക്കേണ്ട ശിംശോൻ, ലൗകിക മോഹങ്ങൾക്കും ജഡീക മോഹങ്ങൾക്കും സ്ഥാനം നൽകി, ഉഷ്ണവാനുമല്ല, ശീതവാനുമല്ലാതെ ദൈവത്തിന്റെ ദർശനത്തിൽ നിന്ന് അകന്നുപോയി. ഇന്നും പല യൗവനക്കാരും ലൗകിക മോഹങ്ങൾക്കും ആനന്ദങ്ങൾക്കും സ്ഥാനം നൽകി കർത്താവിനുവേണ്ടി പ്രകാശിക്കുവാൻ



കഴിയാതെ ശിംശോനെപ്പോലെ ദർശനം നഷ്ടപ്പെടുത്തുന്നതായി കാണപ്പെടുന്നു.

അന്ത്യകാലത്ത് ദൈവത്തിനുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യേണ്ട നിങ്ങൾ, ഇങ്ങനെ രണ്ടു വശത്തും നിന്നാൽ ആർക്കും യാതൊരു പ്രയോജനവുമില്ല. നിങ്ങൾ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്നു ഉമിണ്ണുകളയും എന്ന് കർത്താവ് മുന്നറിയിപ്പ് നൽകുന്നു.

**എന്റെ പ്രിയപ്പെട്ട യൗവനക്കാരെ! ഈ ലോകവും അതിലുള്ളതെല്ലാം ഒരു ദിവസം നശിച്ചുപോകും. നശിച്ചുപോകുന്ന ലോകത്തിൽ ചേർന്ന് ജീവിക്കാതെ, അമർത്യനായ കർത്താവിൽ ആശ്രയിച്ച് കർത്താവിനുവേണ്ടി തീക്ഷ്ണതയോടെയിരിക്കുവിൻ.**

**ശീതവാനോ ഉഷ്ണവാനോ അല്ലാതെ ജീവിക്കുന്നത് ദുരിതപൂർണ്ണമായ ഒരു ജീവിതമാണ്. ഒരു സാഹചര്യത്തിലും പാപത്തിന് സ്ഥാനം നൽകരുത്.**

**യോശുവയെപ്പോലെ കർത്താവിൽ തീക്ഷ്ണതയും സ്ഥിരതയും ഉള്ളവരായിരിക്കുവിൻ.**

**അപ്പോൾ നിങ്ങൾ കർത്താവിനുവേണ്ടി ജ്വലിച്ച് പ്രകാശിക്കും!**

കേരള സംസ്ഥാനം
തിരുവനന്തപുരത്ത്...
MOUNT SINAI 2025
(യൗവനക്കാർക്കായി ഒരു ദിവസത്തെ ഉപവാസ പ്രാർത്ഥന)
ദൈവ ദൂത്:
സഹോ. നവീൻ സാം
യേശു വിടുവിക്കുന്നു ശുശ്രൂഷകൾ നടത്തുന്ന
2025
ഒക്ടോബർ 20 തിങ്കളാഴ്ച
(ദീപാവലി അവധി ദിവസം)
9:00 A.M. - 4:00 P.M.
Place: LOVE ARMY CRUSADE CENTRE, PARASUVAKKAL, TRIVANDRUM
തുടർന്ന് ബന്ധപ്പെടുവാൻ: 9962085523, 9249718266
ഉണർവിന്റെ അഗ്നി വ്യാപിക്കട്ടെ!!!




# ലഹരിയാൽ മാറിയ പാത

എനിക്ക 28 വയസ്സായി. ഞാൻ പതിനൊന്നാം ക്ലാസിൽ പഠിക്കുമ്പോൾ എന്റെ സ്നേഹിതരോടൊപ്പം മയക്കുമരുന്ന് ഉപയോഗിക്കുവാൻ തുടങ്ങി, കോളേജിൽ പഠിക്കുമ്പോൾ അത് അധികമായി ഇന്ന് മയക്കുമരുന്നിന് അടിമയായി, എന്റെ ഭാവി ചോദ്യചിഹനമായിരിക്കുന്നു. എനിക്ക് ഒരു ജോലിക്കും പോകുവാൻ കഴിയുന്നില്ല, എന്റെ കുടുംബം എന്നെ ഉപേക്ഷിച്ചു. കാരണമെന്തെന്നാൽ, ഞാനും എന്റെ സ്നേഹിതരും ചേർന്ന് മയക്കുമരുന്ന് ഉപയോഗിച്ച് തല്ലുകൂടി, മദ്യപിച്ച് നിരവധി അപകടങ്ങൾ വരുത്തിവച്ചു. ഞങ്ങളുടെ പേരിൽ നിരവധി കേസുകൾ ഉണ്ട്. ഇക്കാരണത്താൽ, എന്റെ മൂത്ത സഹോദരിക്ക് വരനെ ലഭിക്കാതിരുന്നു. സഹോദരൻ ഇങ്ങനെയിരിക്കുമ്പോൾ പെൺകുട്ടിയെ എങ്ങനെസ്വീകരിക്കും എന്ന് എല്ലാവരും ഒഴിഞ്ഞുമാറിപ്പോയി. എനിക്ക് ഒരു അനുജത്തിയും ഉണ്ട്. എന്റെ കുടുംബം വളരെ തകർന്നിരുന്നു. ഇതിൽ നിന്ന് രക്ഷപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നെങ്കിലും, എന്റെ സ്നേഹിതർ എന്നെ നിർബന്ധിക്കുന്നു. എനിക്ക് പുറത്തുകടക്കാൻ ആഗ്രഹമുണ്ട്. പക്ഷേ കഴിയുന്നില്ല. ഞാൻ എന്തു ചെയ്യും? **മൈക്കിൾ - ആവഡി.**

പ്രിയ സഹോദരാ, നിങ്ങളുടെ അവസ്ഥ ഞാൻ മനസ്സിലാക്കുന്നു. ഒരു വശത്ത് ഈ ആസക്തിയിൽ നിന്ന് പുറത്തുവരാൻ കഴിയാത്തതിന്റെ വേദന, മറുവശത്ത്, കുടുംബവും മൂത്ത സഹോദരിയുടെയും അനുജത്തിയുടെയും ഭാവിയും നിങ്ങൾ നിമിത്തം ബാധിക്കപ്പെടുന്നതിന്റെ സങ്കടം എനിക്ക് മനസ്സിലാകുന്നു. ഒരു വിനോദത്തിന് സ്നേഹിതരുമായി ചേർന്ന് ഉണ്ടായ ശീലം, ഇന്ന് എത്രമാത്രം വിപരീതമായി മാറിയിരിക്കുന്നു. മൈക്കിൾ നിനക്ക് പാപശീലത്തിൽ നിന്ന് പുറത്തുവരാൻ കഴിയില്ല എന്നല്ല. ഇതിൽ നിന്ന് പുറത്തുവരാൻ എനിക്ക് കഴിയും എന്ന് നിങ്ങൾ വിശ്വസിക്കണം. ആദ്യം നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങളുടെ സ്നേഹിതൻ തെറ്റായ പാതയിൽ പോകുമ്പോൾ, അതിൽ നിന്നും രക്ഷിച്ച് ശരിയായ പാതയിലേക്ക് നയിക്കുന്നവനാണ് യഥാർത്ഥ സ്നേഹിതൻ. പാപം ചെയ്യുവാൻ നിങ്ങളെ നിർബന്ധിക്കുന്നവർ നല്ല സ്നേഹിതരല്ല. നിങ്ങളെ തെറ്റ് ചെയ്യാൻ നിർബന്ധിക്കുന്ന സ്നേഹിതർക്ക് നിങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾ അല്പം പോലും മാറ്റാൻ കഴിയില്ല. ഈ ആസക്തിയിൽ നിന്ന് പുറത്തുവരാൻ നിങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ആഗ്രഹം മാത്രം പോരാ! ആഗ്രഹത്തോടൊപ്പം കഠിനമായ പരിശ്രമവും, ആത്മനിയന്ത്രണവും വളരെ പ്രധാനമാണ്.

**നിങ്ങളുടെ സ്നേഹിതരുടെ സമ്മർദ്ദം കാരണം മയക്കുമരുന്നിന് അടിമയായി തുടരുകയാണെങ്കിൽ...**

- നിങ്ങൾക്ക് ജോലിക്ക് പോകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നതിനോടൊപ്പം, നിങ്ങളുടെ ഭാവി ജീവിതവും കൂടുതൽ അപകടത്തിലായേക്കാം.
- മയക്കുമരുന്നിനോടുള്ള ആസക്തി നിങ്ങളെ ജയിലിലേക്ക് നയിച്ചേക്കാം, അതു നിമിത്തം നിങ്ങൾക്ക് വലിയ നാണക്കേട് ഉണ്ടാകുവാനും സാധ്യതയുണ്ട്.

- ഇതുമൂലം നിങ്ങളുടെ കുടുംബ സാഹചര്യം കൂടുതൽ ബാധിക്കപ്പെടാനുള്ള സാധ്യതയുണ്ട്.
- നിങ്ങളുടെ മൂത്ത സഹോദരിക്ക് വരനെ ലഭിക്കാതെ അവളുടെ ജീവിതം തകരുന്നതുപോലെ, നിങ്ങളുടെ അനുജത്തിയുടെ ജീവിതവും ഇതുനിമിത്തം ദുരിതത്തിലായേക്കാം.
- അത് നിങ്ങളുടെ സഹോദരിമാർക്ക് നിങ്ങളോട് വെറുപ്പും വിദ്വേഷവും വളർത്തിയേക്കാം.
- ഈ ആസക്തി നിങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുകയും അനാവശ്യമായ സമ്മർദ്ദത്തിന് കാരണമാവുകയും ചെയ്യും. അതുനിമിത്തം നിരാശയിൽ നിങ്ങൾ തെറ്റായ തീരുമാനം എടുക്കാനുള്ള സാധ്യതയുമുണ്ട്.



## നിങ്ങളുടെ സ്നേഹിതരുടെ വാക്കുകൾ കേൾക്കാതെ മയക്കുമരുന്നിന്റെ ആസക്തിയിൽ നിന്ന് പുറത്തുവന്നാൽ...

- ചോദ്യചിഹ്നമായിരിക്കുന്ന നിങ്ങളുടെ ജീവിതസാഹചര്യം മാറും. മികച്ച ഭാവി ഉണ്ടാകും.
- ജോലിക്ക് പോയി പണം സമ്പാദിച്ച് ഉയർന്ന സ്ഥാനത്ത് എത്തുമ്പോൾ, അപമാനിക്കപ്പെട്ട സ്ഥലത്ത് തലയുയർത്തി ജീവിക്കുവാൻ കഴിയും. അതുമാത്രമല്ല, ബഹുമാനവും മാന്യതയും നിങ്ങൾക്ക് ലഭിക്കും.
- മൂത്ത സഹോദരിയുടെ വിവാഹം സഫലമാകുവാനുള്ള സാധ്യതയുണ്ട്. കൂടാതെ അനുജത്തിയുടെ ഭാവിയും അനുഗ്രഹിക്കപ്പെടും.
- ഇത് നിങ്ങളുടെ സ്നേഹിതരുടെ വെറുപ്പ് നിങ്ങൾക്ക് നേടിത്തരും. പക്ഷേ കുടുംബത്തിന്റെ സ്നേഹം നിങ്ങൾക്ക് ലഭിക്കും.
- എന്റെ തെറ്റായ പ്രവൃത്തികൾ കാരണം എന്റെ കുടുംബം കഷ്ടപ്പെടുന്നു എന്ന കുറ്റബോധത്തിന് പകരം സമാധാനവും സന്തോഷവും ഉണ്ടാകും.
- തല താഴ്ത്തപ്പെട്ട അവസ്ഥയിൽ നിന്ന് സമൂഹത്തിൽ തല ഉയർത്തി നടക്കാം.

## ഈ ആസക്തിയിൽ നിന്ന് പുറത്തുകടക്കാൻ ചില ടിപ്പുകൾ!

- ആദ്യം നിങ്ങളുടെ തെറ്റായ സ്നേഹിതരുമായുള്ള ബന്ധം വേർപെടുത്തുക. അവർക്ക് നിങ്ങളെ ബന്ധപ്പെടാൻ കഴിയാത്തവിധം അവരെ block ചെയ്യണം.
- ഒറ്റയ്ക്കായിരിക്കുമ്പോൾ മയക്കുമരുന്ന് ഉപയോഗിക്കാനുള്ള പ്രേരണ ഉണ്ടാകാമെന്നതുകൊണ്ട്, ഏകാന്തത ഒഴിവാക്കുക.
- ആവശ്യമെങ്കിൽ, നിങ്ങൾ ഇപ്പോൾ താമസിക്കുന്ന നഗരം വിട്ട് മറ്റൊരു സ്ഥലത്തേക്ക് മാറി പുതിയൊരു ജീവിതം ആരംഭിക്കാം. താമസം മാറുന്നത് വലിയ മാറ്റമുണ്ടാക്കും.
- ഇരുട്ടിനോട് പോകാൻ പറഞ്ഞാൽ അത് പോകില്ല. മറിച്ച്, വെളിച്ചം വന്നാൽ ഇരുട്ട് സ്വയം ഇല്ലാതാകും.
- അതുപോലെ, മയക്കുമരുന്ന് ഉപയോഗിക്കുവാൻ പാടില്ല എന്ന് ചിന്തിക്കുന്നതിനു-പകരം, വിനോദങ്ങളിലേർപ്പെടുകയോ കുടുംബത്തോടൊപ്പം സമയം ചെലവഴിക്കുകയോ മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യാം. അത് നിങ്ങളുടെ ചിന്താഗതിയെ മാറ്റും.



**എല്ലാറ്റിനുമുപരിയായി, നിങ്ങളുടെ പാപം ക്ഷമിച്ചു പാപശീലത്തിൽ നിന്ന് വിടുവിച്ചു, നിങ്ങളെ തന്റെ പൈതലായി സ്വീകരിക്കാൻ തയാറായിരിക്കുന്ന യേശു, നിങ്ങൾക്ക് പുതിയ കൃപയും പുതിയ തുടക്കവും നൽകുവാൻ മതിയായവനാണ്. "തന്റെ ലംഘനങ്ങളെ മറച്ചുവയ്ക്കുന്നവനു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃ.28:13) എന്ന് വേദപുസ്തകം പറയുന്നു. നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും ഉപേക്ഷിക്കുകയും വിടുതൽ പ്രാപിച്ച് ഒരു പുതിയ ജീവിതം ആരംഭിക്കുകയും ചെയ്യുവിൻ!**



# ഞാൻ ഒരു പ്രാർത്ഥന നായകൻ


## ശക്തമായ പ്രാർത്ഥന (ദാനീയേൽ)

വിശ്വാസത്തോടും പ്രത്യാശയോടും കൂടി പ്രാർത്ഥനയിൽ ഉറച്ചുനിൽക്കുക എന്നതാണ് ഫലപ്രദമായ പ്രാർത്ഥനയുടെ താക്കോൽ. വിവിധ സാഹചര്യങ്ങളിൽ പ്രാർത്ഥിച്ച നിരവധി ആളുകളെക്കുറിച്ച് നാം വിശുദ്ധ വേദപുസ്തകത്തിൽ വായിക്കുന്നു. ഓരോ വ്യക്തിയുടെയും പ്രാർത്ഥന അതുല്യമാണ്. പത്രൊസിനുവേണ്ടി സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം പത്രൊസിനെ ജയിലിൽ നിന്നും എങ്ങനെ രക്ഷിച്ചു എന്ന് കഴിഞ്ഞ മാസം നാം വായിച്ചു. ഈ മാസം, ദാനീയേൽ തന്റെ അചഞ്ചലമായ പ്രാർത്ഥനയിലൂടെ കാര്യങ്ങൾ മാറ്റിയത് എങ്ങനെയെന്ന് നാം നോക്കുവാൻ പോകുന്നു.

### ദാനീയേലിന്റെ ശക്തമായ പ്രാർത്ഥനകൾ

- രാജാവിന്റെ കല്പന വകവയ്ക്കാതെ, ദാനീയേൽ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി പ്രാർത്ഥിച്ചു (ദാനീയേൽ 6:10). ഇത് അദ്ദേഹത്തിന്റെ തീക്ഷ്ണതയെയും സമർപ്പണത്തെയും കാണിക്കുന്നു.
- അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ, മാളികമുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നു പ്രാർത്ഥിച്ചു (ദാനീയേൽ 6:10). ഇത് അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ സ്വാഭാവികതയെ കാണിക്കുന്നു.
- സിംഹങ്ങളുടെ ഗുഹയിലേക്ക് ഇട്ടുകളഞ്ഞപ്പോഴും അദ്ദേഹം പ്രാർത്ഥന നിർത്തിയില്ല. വലിയ വിശ്വാസത്തോടെ പ്രാർത്ഥിച്ചു (ദാനീയേൽ 6:23). ഇത് ദൈവത്തിലുള്ള അദ്ദേഹത്തിന്റെ പൂർണ്ണ വിശ്വാസത്തെ വെളിപ്പെടുത്തുന്നു.

ഇതിൽ നിന്നും ദാനീയേൽ പ്രാർത്ഥനയിൽ സ്ഥിരതയുള്ള മനുഷ്യനായിരുന്നു എന്ന് നമുക്ക് കാണുവാൻ കഴിയുന്നു. ഒരു സാഹചര്യത്തിലും അദ്ദേഹം തന്റെ പ്രാർത്ഥന ഉപേക്ഷിച്ചില്ല.



### ദാനീയേലിന്റെ സ്ഥിരതയുള്ള പ്രവൃത്തികൾ

യെരുശലേമിൽ സ്വതന്ത്രമായി ദൈവത്തെ ആരാധിക്കുകയും, യഹൂദന്മാരായി ജീവിക്കുകയും ചെയ്തിരുന്ന ദാനീയേലും സ്നേഹിതന്മാരും, വലിയ പരീക്ഷണങ്ങൾ നേരിടേണ്ട സാഹചര്യങ്ങൾ ഉണ്ടായി.

- ദാനീയേൽ എല്ലാ സാഹചര്യങ്ങളിലും സത്യം സംസാരിച്ചു, ദൈവത്തോട് വിശ്വസ്തനായിരുന്നു. ദാനീയേൽ തന്റെ ജീവിതത്തിൽ നീതി ഉയർത്തിപ്പിടിച്ചിരുന്നു. അദ്ദേഹം കള്ളം പറയുവാനോ ഏതെങ്കിലും വിധത്തിൽ തിന്മ പ്രവർത്തിക്കുവാനോ ആഗ്രഹിച്ചിരുന്നില്ല.
- അന്യദൈവങ്ങളുടെ പേരുകളുമായി ബന്ധപ്പെടുത്തി തങ്ങളുടെ പേരുകൾ മാറ്റിയപ്പോഴും, അതും അവർ നിസ്സാരമായി എടുത്തില്ല. അവരുടെ ഹൃദയം ദൈവത്തിങ്കൽ നേരുള്ളതായിരുന്നു.
- രാജകീയ ഭക്ഷണം ആർക്കും ലഭിക്കുകയില്ല. അത് കർത്താവ് നമുക്ക് നൽകിയതാണ് എന്നു പറഞ്ഞ് കഴിക്കാമായിരുന്നു. പക്ഷേ, അശുദ്ധമായവ ഒഴിവാക്കണം എന്ന കർത്താവിന്റെ കല്പന ദാനീയേലിന്റെ ഹൃദയത്തിലുണ്ടായിരുന്നു. ഭക്ഷണം കഴിക്കാനുള്ള പ്രലോഭനം അവരുടെ ആത്മാവിനെ നശിപ്പിക്കുമെന്നതുകൊണ്ട്, ദാനീയേലും സ്നേഹിതന്മാരും ഭക്ഷണകാര്യത്തിലും സ്ഥിരതയുള്ളവരായിരുന്നു. ഭക്ഷണം നിമിത്തം തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനീയേൽ ഹൃദയത്തിൽ എടുത്ത തീരുമാനത്തിൽ ഉറച്ചുനിന്നു (ദാനീയേൽ 1:8-17).
- ദാര്യാവേശ് രാജാവ് തന്നെയല്ലാതെ മറ്റേതെങ്കിലും ദൈവത്തോട് പ്രാർത്ഥിക്കുന്നവരെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയുമെന്ന് ഒരു കല്പന പുറപ്പെടുവിച്ചപ്പോൾ, ദാനീയേൽ ജീവനുള്ള ദൈവത്തോട് പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. അധ്യക്ഷന്മാരും പ്രധാന ദേശാധിപന്മാരും

ദാനീയേലിനെ കുറ്റപ്പെടുത്തുവാൻ കാരണം അന്വേഷിക്കുകയായിരുന്നു. അവൻ വീട്ടിൽ ചെന്നു അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നിരുന്നു - താൻ മുമ്പേ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ച് സ്തോത്രം ചെയ്തു (ദാനിയേൽ 6:10).

### ദാനിയേലിന്റെ പ്രാർത്ഥന

- സിംഹത്തെ സൃഷ്ടിച്ച ദൈവത്തിലായിരുന്നു ദാനീയേലിന്റെ വിശ്വാസം. അവൻ സിംഹത്തിന്റെ ഗുഹയെ ഭയപ്പെട്ടില്ല. സിംഹത്തിന്റെ ഗുഹയിൽ ഇട്ടുകളഞ്ഞ ദാനീയേലിനോട്, നീ ഇടവിടാതെ സേവിച്ചുവരുന്ന നിന്റെ ദൈവം സിംഹങ്ങളിൽനിന്നു നിന്നെ രക്ഷിപ്പാൻ പ്രാപ്തൻ എന്ന് ദാര്യാവേശ് രാജാവ് പറയുവാൻ ഇടയാക്കിയത് അവന്റെ ഉറച്ച വിശ്വാസ ജീവിതമാണ്. ദാനീയേൽ ദൈവത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് അവന് യാതൊരു കേടും പറ്റിയില്ലെന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ദാനീയേൽ 6:23). സിംഹത്തിന്റെ ഗുഹയുടെ അനുഭവം ദാനീയേലിന് വിജയം നൽകി.
- സിംഹത്തിന്റെ ഗുഹയിൽ നിന്ന് ദാനീയേലിനെ വിടുവിക്കാൻ നമ്മുടെ ദൈവത്തിന് കഴിയും. എന്നാൽ ദാര്യാവേശ് രാജാവും ബാബിലോൺ നിവാസികളും ദൈവത്തിന്റെ ശക്തിയും മഹത്വവും അറിയുകയില്ല. അവൻ ജീവനുള്ള ദൈവവും എന്നേക്കും നിലനില്ക്കുന്നവനും ആകുന്നു. അവൻ രക്ഷിക്കയും വിടുവിക്കുകയും ചെയ്യുന്നു അവൻ ആകാശത്തിലും ഭൂമിയിലും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുന്നു. അവൻ ദാനീയേലിനെ സിംഹത്തിന്റെ ഗുഹയിൽ നിന്നും രക്ഷിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തി (ദാനീയേൽ 6:26-27).



- ദാനീയേലിന്റെ ശക്തിയുള്ള പ്രാർത്ഥനാ ജീവിതവും, ശക്തമായ വിശ്വാസവും, പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശവും അവനെ വിശുദ്ധ ദർശനമുള്ള ജീവിതത്തിലേക്ക് നയിച്ചു. അതാണ് ദാനിയേലിന്റെ കാര്യങ്ങളെ ജയമാക്കി മാറ്റിയത്.

സ്വപ്നവും അതിന്റെ വ്യാഖ്യാനവും തന്നോട് പറഞ്ഞില്ലെങ്കിൽ ദേശത്തെ ജ്ഞാനികളെ കൊല്ലുവാൻ നെബൂഖദ്നേസർ ഉത്തരവിട്ടു. ഈ കാര്യത്തിലും കർത്താവ് അവന് വിജയം നൽകി.

- ബാബിലോണിലേക്ക് തടവുകാരനായി കൊണ്ടുപോയ ദാനീയേൽ എന്ന യുവാവിനെ ദൈവം ആ ദേശത്തിന്റെ ഭരണാധികാരി എന്ന സ്ഥാനത്തേക്ക് ഉയർത്തി. കാരണം, എല്ലാ സാഹചര്യങ്ങളിലും ദാനീയേൽ ദൈവനാമത്തിൽ ഉറച്ചുനിൽക്കുകയും, ദൈവനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

**പ്രിയ യൗവന സഹോദരീ സഹോദരന്മാരേ, ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ, യാതൊരു സാഹചര്യത്തിനും നമ്മെ തകർക്കാനാവില്ല. ദാനീയേലിനെപ്പോലെ, ശക്തമായ പ്രാർത്ഥനയോടും , വിശ്വാസത്തോടും പരിശുദ്ധാത്മാവിന്റെ സഹായത്തോടും ഏത് സാഹചര്യത്തെയും അതിജീവിക്കുവാൻ നമുക്കും കഴിയും എന്നതിൽ സംശയമില്ല.**


## ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ, തേക്കുംമൂട്, കണ്ണമ്മൂല റോഡ്, തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State.

**Kottayam**
2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# അത്ഭുത വാർത്തകൾ

**Hi Friends! എല്ലാവർക്കും സുഖമാണോ? അത്ഭുത വാർത്തകൾ പരമ്പരയുമായി വീണ്ടും നിങ്ങളെ കാണുവാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്!**

അമോര്യരോട് യുദ്ധം ചെയ്തപ്പോൾ യോശുവ ദൈവത്തോട് പ്രാർത്ഥിച്ച്, യിസ്രായേല്യരുടെ കൺമുന്നിൽ ഗിബെയോന്റെയും അയ്യാലോന്റെയും മേൽ സൂര്യനെയും ചന്ദ്രനെയും നിശ്ചലമാക്കിയതും, ഏലിയാവ് ആകാശത്ത് നിന്ന് തീ ഇറക്കി അവിടത്തെ ആളുകൾക്ക് യഹോവയാണ് ദൈവമെന്ന് തെളിയിച്ചതും, ഒരു വലിയ കാറ്റ് വീശി കടൽ പ്രക്ഷുബ്ധമായപ്പോൾ യേശു കാറ്റിനോടും കടലിനോടും കൽപ്പിച്ച് അതിനെ ശാന്തമാക്കിയതും നാം വേദപുസ്തകത്തിൽ വായിക്കുന്നു. ഈ അത്ഭുതങ്ങൾ ശാസ്ത്രത്തിന് അതീതമാണ്, പ്രകൃതി നിയമങ്ങളെ മാറ്റുകയും, പ്രകൃതിയെ നിയന്ത്രിച്ച് നിരവധി ജനങ്ങളെ ദൈവത്തിലേക്ക് തിരിക്കുകയും ചെയ്തു.





യേശുവിന്റെ ശിഷ്യനായ Doubting Thomas എന്ന് പലരും വിളിച്ചിരുന്ന തോമസും, തന്റെ വലിയ വിശ്വാസം നിമിത്തം  ഇത്തരത്തിലുള്ള അത്ഭുതങ്ങൾ ചെയ്തിരിക്കുന്നു.  അദ്ദേഹം ഒരു ദിവസം കേരളത്തിലെ പാലയൂരിലെ ഒരു ക്ഷേത്രത്തിനടുത്തുള്ള കുളത്തിന്റെ കരയിലൂടെ നടക്കുമ്പോൾ,  മരിച്ചുപോയ പൂർവ്വികർക്കുവേണ്ടി ചിലർ പൂജ ചെയ്യുകയായിരുന്നു. ആ സമയത്ത് അവർ കുളത്തിലെ വെള്ളം കൈകളിൽ ഒഴിച്ച് ആ വെള്ളം അവരുടെ പൂർവ്വികരിൽ എത്തണമെന്ന് പ്രാർത്ഥിക്കുകയായിരുന്നു. ഇത് കണ്ട തോമസ്, 'നിങ്ങൾ മുകളിലേക്ക് ഒഴിക്കുന്ന വെള്ളം എന്തുകൊണ്ടാണ് താഴേക്ക് വരുന്നത്? അങ്ങനെയെങ്കിൽ നിങ്ങളുടെ ദൈവം നിങ്ങളുടെ അപേക്ഷ സ്വീകരിച്ചിട്ടില്ല എന്നാണ് അതിനർത്ഥം" എന്നു പറഞ്ഞു. ഞാൻ ആരാധിക്കുന്ന എന്റെ ദൈവം എന്റെ അപേക്ഷ സ്വീകരിക്കുക മാത്രമല്ല, അതിന്റെ അടയാളമായി വെള്ളം മുകളിൽ നിൽക്കാൻ ഇടയാക്കുകയും ചെയ്യുമെന്ന് അവരോട് വെല്ലുവിളിച്ചു.




വെല്ലുവിളിച്ചതിൽ അവസാനിപ്പിക്കാതെ, തോമസ് ആകാശത്തേക്ക് നോക്കി യേശുവിനോട് പ്രാർത്ഥിച്ചു. അവൻ കുളത്തിലിറങ്ങി രണ്ടു കൈകളും കൊണ്ട് വെള്ളം കോരിയെടുത്ത്, വിശ്വാസത്തോടെ മുകളിലേക്ക് തളിച്ചു. മുകളിലേക്ക് തളിച്ച വെള്ളം താഴേക്ക് വീഴാതെ എല്ലാവരേയും അത്ഭുതപ്പെടുത്തുന്ന വിധത്തിൽ തട്ടുപോലെ നിന്നു. അതുമാത്രമല്ല, തോമസ് കൈകൊണ്ട് വെള്ളം കോരിയ സ്ഥലം, നിരപ്പല്ലാത്ത ഒരു ചെറിയ കുഴി പോലെ കാണപ്പെട്ടു. സംഭവം വളരെ വേഗത്തിൽ കാട്ടുതീപോലെ പടർന്നു. ഉടനെ ആ നഗരത്തിലെ ജനങ്ങൾ അത്ഭുതകരമായ കാഴ്ച കാണാൻ കുളത്തിലേക്ക് വന്നു. അത് കണ്ട് തോമസിന്റെ ദൈവമാണ് വാസ്തവമായ ദൈവം എന്ന് അവർ വിളിച്ചു പറഞ്ഞു. ഈ അത്ഭുതത്തിലൂടെ, ആ നഗരത്തിലെ ഏകദേശം 1050 പേർ യേശുക്രിസ്തുവിനെ സ്വീകരിക്കുകയും സ്നാനമേൽക്കുകയും ചെയ്തു. കേരളത്തിലെ പാലയൂരിലാണ് ഈ അത്ഭുതം നടന്ന സ്ഥലം സ്ഥിതിചെയ്യുന്നത്.

പ്രകൃതിയോട് കല്പ്പിക്കുന്ന ഇത്തരം അത്ഭുതങ്ങൾ ഈ കാലഘട്ടത്തിൽ സംഭവിക്കുമോ എന്ന് ചിന്തിച്ചികൊണ്ടിരിക്കുമ്പോൾ, കന്യാകുമാരിയിൽ നിന്ന് അത്ഭുതകരമായ ഒരു വാർത്ത ലഭിച്ചു.

കുറച്ച് വർഷങ്ങൾക്ക് മുമ്പ്, കന്യാകുമാരി ജില്ലയിൽ ഒരു പ്രാർത്ഥനാ യോഗം സംഘടിപ്പിച്ചിരുന്നു. ആ പ്രാർത്ഥനാ യോഗത്തിൽ പ്രശസ്തനായ ഒരു ദൈവശുശ്രൂഷകൻ പങ്കെടുത്ത് ദൈവദൂത് നൽകണമായിരുന്നു. ആ പ്രാർത്ഥനാ യോഗത്തിനായുള്ള ക്രമീകരണങ്ങൾ ഏതാനും മാസങ്ങൾക്ക് മുമ്പ് ആരംഭിച്ചിരുന്നു. എന്നാൽ ആ പ്രാർത്ഥനാ യോഗത്തിന് 2 ദിവസം മുമ്പ്, തമിഴ്നാട്ടിലെ ചില ജില്ലകളിൽ കനത്ത മഴ പെയ്തു, കന്യാകുമാരി ജില്ലയിലും രാവും പകലും കനത്ത മഴ പെയ്തു. ഇതുമൂലം ജില്ല മുഴവനും റെഡ് അലർട്ട് പ്രഖ്യാപിച്ചു. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, റെഡ് അലർട്ട് ഒരു അപകടകരമായ കാര്യമാണ്. വെള്ളപ്പൊക്ക സാധ്യതയുണ്ടായിരുന്നു. അത്തരമൊരു അന്തരീക്ഷത്തിനിടയിലാണ് പ്രാർത്ഥനാ യോഗം നടന്നത്. തമിഴ്നാട്ടിലുള്ള ദൈവമക്കൾ ഈ യോഗത്തിനുവേണ്ടി വളരെയധികം പ്രാർത്ഥിച്ചു. അതിനെ തുടർന്ന് ലക്ഷക്കണക്കിന് ജനങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. ആ ദൈവശുശ്രൂഷകൻ യോഗത്തിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചപ്പോൾ, "നീ ആ ജില്ലയിലേക്ക് പോക, ഞാൻ അവിടെ വലിയ അത്ഭുതങ്ങൾ ചെയ്യും" എന്ന് കർത്താവ് അരുളിച്ചെയ്തു. റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്ന അപകടകരമായ സാഹചര്യമുണ്ടായിട്ടും യോഗം മൂന്ന് ദിവസവും തടസ്സമില്ലാതെ തുടർന്നു. എന്ത് സംഭവിക്കുമെന്ന് ലോകം മുഴുവൻ നോക്കിയിരുന്ന സാഹചര്യത്തിൽ, കന്യാകുമാരി ജില്ലയിൽ ഏർപ്പെടുത്തിയിരുന്ന റെഡ് അലർട്ട് മാറ്റി. അവിടെ ഇനി അപകടമൊന്നുമില്ല എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. മാത്രമല്ല, ആ പ്രാർത്ഥനയിൽ കർത്താവ് അമാനുഷികമായ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും നിരവധി പേരുടെ ജീവിതം മാറ്റി മറിക്കുകയും ചെയ്തു. പ്രാർത്ഥിക്കുന്ന ഒരു മനുഷ്യന്റെ വിശ്വാസപൂർണ്ണമായ വാക്കുകൾക്ക് പ്രകൃതിയെ നിയന്ത്രണത്തിലാക്കുവാൻ കഴിയുമെന്നതിന്റെ ഏറ്റവും വലിയ സാക്ഷ്യമാണിത്.

**എത്ര അത്ഭുതകരമാണ്! ഈ അത്ഭുതങ്ങൾ നമ്മുടെ ഭാവനയ്ക്കും അതീതമാണ്. പ്രകൃതിയോട് കൽപ്പിക്കുന്ന അത്തരം അത്ഭുതങ്ങൾ കേൾക്കുന്നവർ മാത്രമല്ല, അവ ചെയ്യുന്നവരുമാകാൻ കർത്താവ് നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ടാണ് കർത്താവ് നമുക്ക് ഏറ്റവും വിശുദ്ധമായ വിശ്വാസം നൽകിയിരിക്കുന്നത്. ആ വിശ്വാസത്തിൽ നാം വളരുന്നുണ്ടോ? നമ്മുടെ വിശ്വാസത്തിന്റെ അളവ് എന്താണ്? സാധാരണ വിശ്വാസമല്ല, മറിച്ച്, ഉറച്ച വിശ്വാസവും, വില കൊടുത്ത് വാങ്ങിയ പ്രാർത്ഥനാ ജീവിതവും ദൈവത്താൽ ഞാൻ പ്രയോജനപ്പെടണം എന്ന അടങ്ങാത്ത ആഗ്രഹവും ഇത്തരം അത്ഭുതങ്ങളിലേക്ക് നമ്മെ നയിക്കും. നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം, കർത്താവിനുവേണ്ടി അസാധ്യമായ കാര്യങ്ങൾ ചെയ്യാം.**

(വാർത്തകൾ തുടരും)






# പ്രാർത്ഥന ഡയറി

## ഒക്ടോബർ 2025

1. ആഗോള സാമ്പത്തിക പ്രതിസന്ധി കാരണം കഴിഞ്ഞ വർഷം 78.3 കോടി ജനങ്ങൾ പട്ടിണി നിമിത്തം കഷ്ടപ്പെടുന്നതായി യു.എൻ. പഠനം പറയുന്നു. ഈ സാഹചര്യം മാറുവാനായി പ്രാർത്ഥിക്കാം.

2. ലോകമെമ്പാടും ആവശ്യത്തിന് ഭക്ഷണമില്ലാതെ പട്ടിണി കിടക്കുന്ന ആളുകൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

3. ഭക്ഷണമോ, പാർപ്പിടമോ ഇല്ലാതെ പട്ടിണി കിടക്കുന്ന 78.3 കോടി ജനങ്ങൾക്കും ഭക്ഷണം ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.

4. പോഷകസമൃദ്ധമായ ഭക്ഷണങ്ങളുടെ അഭാവം മൂലം വിളർച്ച ബാധിക്കപ്പെട്ട 14.8 കോടി കുഞ്ഞുങ്ങൾക്ക് പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.

5. പശ്ചിമേഷ്യ, കരീബിയൻ, ആഫ്രിക്ക എന്നിങ്ങനെ പല രാജ്യങ്ങൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുകൊണ്ട്, ജീവൻ നിലനിർത്തുവാൻ ഏറ്റവും വില കുറഞ്ഞ ഭക്ഷണം പോലും ലഭിക്കാത്ത സാഹചര്യത്തിലുള്ള ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

6. റഷ്യയും ഉക്രൈയ്നും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധം ഭക്ഷ്യ - ധാന്യ വിതരണത്തെ സാരമായി തടസ്സപ്പെടുത്തുകയും ഇത് ഭക്ഷ്യ ക്ഷാമത്തിലേക്ക് നയിക്കുകയും ചെയ്തിരിക്കുന്നു. ഈ യുദ്ധം അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.

7. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, വരൾച്ച എന്നിവ നിമിത്തം ക്ഷാമം ബാധിച്ച രാജ്യങ്ങളിൽ, കർത്താവ് അഭിവൃദ്ധി കല്പിക്കുവാനായി പ്രാർത്ഥിക്കുവിൻ.

8. ഓരോ വർഷവും ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷണത്തിൽ മൂന്നിലൊന്ന് അതായത് 130 കോടി ടൺ ഭക്ഷണം പാഴാക്കപ്പെടുന്നത് തടയാനായി പ്രാർത്ഥിക്കുവിൻ.

9. വികസ്വര രാജ്യങ്ങളിൽ ഭക്ഷണ സാധനങ്ങൾ സംഭരിച്ചു വയ്ക്കാൻ ശരിയായ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട്, കോടിക്കണക്കിന് ടൺ ഭക്ഷണങ്ങൾ പാഴാകുന്നു. ഈ അവസ്ഥ മാറുവാനും ഭക്ഷ്യ സംരക്ഷണശാലകൾ സ്ഥാപിക്കപ്പെടുവാനും ഭക്ഷണം ശരിയായി സംഭരിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

10. അശ്രദ്ധമൂലം ഭക്ഷണം പാഴാക്കുന്നവർ മാനസാന്തരപ്പെടുവാനും, അത് മറ്റുള്ളവർക്ക് നൽകി സഹായിക്കുവാനുള്ള മനസ്സ് അവർക്ക് ഉണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.

11. ഒരു ദിവസം 10 മണിക്കൂർ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്ന അടിമത്തത്തിൽ നിന്നും കോളേജ് വിദ്യാർത്ഥികൾ പുറത്തുവരാനും, പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും പ്രാർത്ഥിക്കുവിൻ.

12. ഒരു ദിവസം 3 മണിക്കൂറിലധികം സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നത് നിമിത്തം നടുവേദന പോലുള്ള പ്രശ്നങ്ങൾ നേരിടുന്ന യൗവനക്കാരുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.

13. വീഡിയോ ഗെയിമുകൾക്ക് അടിമയായി മാനസികരോഗം ബാധിച്ചിരിക്കുന്ന യൗവനക്കാരുടെ ഭാവി കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവിൻ.



14. സ്മാർട്ട് ഫോണിന്റെ ഉപയോഗം നിമിത്തം ചെറു പ്രായത്തിൽ തന്നെ കാഴ്ചശക്തി ഇല്ലാതായവർക്ക് കർത്താവ് നല്ല കാഴ്ച ശക്തി നൽകുവാനായി പ്രാർത്ഥിക്കുവിൻ.

15. മൊബൈൽ ഫോൺ ഉപയോഗിക്കുന്ന 14 നും 18നും ഇടയിൽ പ്രായമുള്ള യൗവനക്കാർ ഏകദേശം 38% പേർ തൊറാസിക് നടുവേദനയാൽ ബാധിക്കപ്പെട്ടിരിക്കുന്നു. ഇവർ മാനസാന്തരപ്പെടുവാനും, ഇതിൽ നിന്നും വിടുവിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

16. മൊബൈൽ ഫോൺ നിമിത്തം ഉണ്ടാകുന്ന ദോഷങ്ങളെക്കുറിച്ച് സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ സർക്കാർ മുന്നോട്ടുവരാനായി പ്രാർത്ഥിക്കുവിൻ.

17. ഇന്ത്യയിൽ ഒരു ദിവസം ഏകദേശം 80 കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. കൊലപാതക ചിന്തകൾ കൊണ്ടുവരുന്ന അശുദ്ധാത്മാക്കൾ ബന്ധിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

18. ഒരു വർഷത്തിനുള്ളിൽ 29,193 പേർ കൊല ചെയ്യപ്പെടുന്നു, അതിൽ ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് ഉത്തർപ്രദേശിലുമാണ്. കൊലപാതകങ്ങൾ തടയപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

19. കുറ്റകൃത്യങ്ങളും, കൊലപാതകങ്ങളും കുറയുവാനും, രക്ഷയുടെ സുവിശേഷം ശക്തമായി പ്രഘോഷിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

20. നമ്മുടെ രാജ്യത്തിൽ യൗവനക്കാർക്കിടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യയും, കൊലപാതകങ്ങളും 30-40 വയസ്സ് പ്രായമുള്ളവരിൽ 38.5% വും, 18-30 വയസ്സ് പ്രായമുള്ളവരിൽ 35.9%വും, 45 വയസ്സിന് മുകളിലുള്ളവരിൽ 25.6% വും ആകുന്നു. ഇത് അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.

21. നമ്മുടെ രാജ്യത്തിൽ യൗവനക്കാർ പരസ്പരം കൊന്നൊടുക്കുകയും സ്വയം നശിക്കുകയും ജീവിതത്തെ നശിപ്പിക്കുകയും ചെയ്യുന്ന ഈ ദുരവസ്ഥയ്ക്ക് മാറ്റമുണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

22. നമ്മുടെ രാജ്യത്തിലെ ജനങ്ങൾക്കിടയിൽ കൊലപാതകത്തെ പ്രേരിപ്പിച്ച്, മനുഷ്യന്റെ രക്തം ഭൂമിയിൽ ചൊരിയുവാൻ കാരണമാകുന്ന ദുരാത്മാക്കൾ നശിച്ചുപോകുവാനായി പ്രാർത്ഥിക്കുവിൻ.

23. രാജ്യത്തിൽ കാണപ്പെടുന്ന വരൾച്ച മാറുവാനും, മഴ ലഭിക്കുവാനും, കൃഷിസ്ഥലങ്ങൾ അനുഗ്രഹിക്കപ്പെടുവാനും, നല്ല വിളവ് ലഭിക്കുവാൻ കാലാവസ്ഥാ വ്യതിയാനങ്ങൾ മനസ്സിലാക്കി ഓരോ കർഷകനും വിവേകത്തോടെ പ്രവർത്തിക്കുവാനും പ്രാർത്ഥിക്കുവിൻ.

24. ചൂടും വരൾച്ചയും മൂലം ജനങ്ങൾ അനുഭവിക്കുന്ന ബലഹീനതകളും, ശാരീരിക ക്ഷീണവും, ഉത്കണ്ഠയും വിഷാദവും, ഉറക്കമില്ലായ്മയും മാറുവാനായി പ്രാർത്ഥിക്കുവിൻ.

25. രാജ്യങ്ങൾ തമ്മിൽ നടക്കുന്ന യുദ്ധങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, കലാപങ്ങൾ എന്നിവ മാറുവാനും, രാജ്യങ്ങളിൽ സമാധാനം നിലനിൽക്കുവാനും പ്രാർത്ഥിക്കുവിൻ.

26. സ്ത്രീധന പീഡനത്തിലൂടെ ഇന്ത്യയിൽ ഒരു മണിക്കൂറിൽ ശരാശരി ഒരു സ്ത്രീ മരണപ്പെടുന്നതായി സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. നമ്മുടെ രാജ്യത്തിൽ നിന്ന് സ്ത്രീധന പീഡനം പൂർണ്ണമായും ഇല്ലാതാകുവാനായി പ്രാർത്ഥിക്കുവിൻ.

27. 2012 ൽ സ്ത്രീധന പീഡനം മൂലം 8,233 കേസുകൾ രജിസ്റ്റർ ചെയ്തു. സ്ത്രീധനത്തിന് പ്രേരിപ്പിക്കുന്ന ദുരാത്മാക്കൾ ബന്ധിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

28. ഇന്ത്യയിൽ സ്ത്രീധന പീഡനം നിമിത്തം ഓരോ 90 മിനിറ്റിലും ഒരു സ്ത്രീ കൊല്ലപ്പെടുന്നു. ഒരോ ദിവസവും ഏകദേശം 20 സ്ത്രീധന പീഡന മരണങ്ങൾ നടക്കുന്നു. ഇത് അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.

29. ഇന്ത്യയിൽ വർഷം തോറും 6,000-ത്തിലധികം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു, ഈ കേസുകൾ വേഗത്തിൽ പരിഹരിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

30. സഭകളിലൂടെ സുവിശേഷം ശക്തമായി വ്യാപിക്കുവാനും, ദൈവമഹത്വം വെളിപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

31. ദൈവനാമം മഹത്വപ്പെടുവാനും, സഭകളിൽ ഉണർവ് ഉണ്ടാകുവാനും, എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെടാനും പ്രാർത്ഥിക്കുവിൻ.





# ഉണർവിന്റെ വിത്തുകൾ!



**കഴിഞ്ഞ മാസം 33 വർഷം അക്ഷീണം പ്രവർത്തിച്ച് മെങ്ങനാപുരത്തും പരിസര പ്രദേശങ്ങളിലുമുള്ള 125 ഗ്രാമങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും, 54 സ്കൂളുകളും നിരവധി പള്ളികളും സ്ഥാപിക്കുകയും, ധാരാളം ആത്മാക്കളെ നേടി ഗോതമ്പുമണിപോലെ വീണ ജോൺ തോമസിനെ നാം കണ്ടു. ലോകത്തിലെ ഏറ്റവും പ്രയാസമേറിയ വയൽ എനിക്ക് തരേണമേ, അവിടെ ഞാൻ അങ്ങയെ സേവിക്കും എന്ന് പ്രാർത്ഥിച്ച ഒരു മിഷനറിയുടെ ജീവിതം നമുക്ക് കാണാം.**

**യുവത്വം:** റോബർട്ട് മോറിസൺ 1782ൽ ഇംഗ്ലണ്ടിൽ തന്റെ മാതാപിതാക്കൾക്ക് എട്ടാമത്തെ മകനായി ജനിച്ചു. അദ്ദേഹം ചെറു പ്രായം മുതൽ, മര അച്ചുകൾ നിർമ്മിക്കുന്ന കമ്പനിയിൽ തന്റെ പിതാവിനെ സഹായിച്ചിരുന്നു. തന്റെ ഒഴിവു ദിവസങ്ങൾ ഭക്തനായ പിതാവിനൊപ്പം വേദപുസ്തകം പഠിക്കാൻ അദ്ദേഹം ചെലവഴിച്ചു. കുറച്ച് സമയം കളിച്ചും, മറ്റ് സമയങ്ങളിൽ തന്റെ പട്ടക്കാരനിൽ നിന്ന് ക്രിസ്തുവിനെക്കുറിച്ചും, വചനം ആരാഞ്ഞ് പഠിക്കുവാനും സമയം ചെലവഴിച്ചു. 14 വയസ്സുള്ളപ്പോൾ സ്കൂൾ വിട്ട് പുറത്തിറങ്ങി, തന്റെ പിതാവിന്റെ തൊഴിലിൽ പരിശീലനം പ്രാപിച്ചു.

**വിളി:** തന്റെ 15-ാം വയസ്സിൽ, മാനസാന്തരപ്പെടുവാനും, ദിനംപ്രതി ക്രിസ്തുവിൽ വളരുവാനും തുടങ്ങി. ചില മിഷനറി സ്ഥാപനങ്ങളുടെ പ്രതിമാസ മാസികകൾ വായിക്കുന്നതിനിടയിൽ യേശുവിനെ കുറിച്ച് അറിയാത്ത പുറം രാജ്യങ്ങളിലേക്ക് താനും ഒരു മിഷനറിയായി പോയി സുവിശേഷം അറിയിക്കണം എന്ന ഭാരം ഉണ്ടായി. താൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം എവിടേക്കും പോകരുതെന്ന് അദ്ദേഹത്തിന്റെ അമ്മ ദൃഢനിശ്ചയത്തോടിരുന്നു. എന്നാൽ ദൈവത്തിന്റെ സമയത്തിനായി അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തനിക്ക് 20 വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. അമ്മയുടെ മരണശേഷം അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പോയി, 2 വർഷം മിഷനറി പരിശീലനം നേടി, മിഷനറിയായി വിളിക്കപ്പെട്ടത് വളരെ സന്തോഷത്തോടെ മോറിസ് തന്റെ കുടുംബത്തോട് അറിയിച്ചു. ഇംഗ്ലണ്ടിൽ ശുശ്രൂഷയ്ക്ക് ധാരാളം അവസരങ്ങൾ ഉണ്ടായിരിക്കുമ്പോൾ, വിദേശ രാജ്യത്തിൽ പോയി യൗവനം പാഴാക്കണമോ എന്ന വാക്കുകൾ അദ്ദേഹത്തെ തളർത്തി. അപ്പോൾ ചൈന ദേശവുമായി ബന്ധപ്പെട്ട് റോബർട്ടിന് ഒരു ഭാരം ഉണ്ടായതിനെ തുടർന്ന് , അതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

1807ൽ അദ്ദേഹത്തെ ചൈനയിലേക്ക് അയക്കുവാൻ തീരുമാനിച്ചപ്പോൾ, ഈസ്റ്റ് ഇന്ത്യാ കമ്പനി അദ്ദേഹത്തെ ചൈനയിൽ സ്ഥിരതാമസമാക്കാൻ അനുവദിച്ചില്ല. അങ്ങനെ അദ്ദേഹം അമേരിക്കയിലെ സ്റ്റേറ്റ് സെക്രട്ടറിയിൽ നിന്ന് ഒരു പരിചയപ്പെടുത്തൽ കത്ത് വാങ്ങി ഒരു അമേരിക്കൻ കപ്പലിൽ ചൈനയിലേക്ക് യാത്രയായി. ഏഴ് മാസത്തെ യാത്രയ്ക്ക് ശേഷം, 1807 സെപ്റ്റംബറിൽ, അദ്ദേഹം ചൈനയിലെ കാന്റണിൽ എത്തി. കാന്റണിലെ അമേരിക്കൻ കൗൺസിൽ അദ്ദേഹത്തെ സ്വീകരിച്ചു. എന്നാൽ ഈസ്റ്റ് ഇന്ത്യാ കമ്പനി അദ്ദേഹത്തെ നിരീക്ഷിക്കുവാൻ തുടങ്ങി. അതുകൊണ്ട് മോറിസൺ ചൈനീസ് ഭാഷ പഠിക്കുന്നത് പോലും വളരെ രഹസ്യമായി ചെയ്യേണ്ടിവന്നു.

ചൈനയിൽ പരസ്യമായി സുവിശേഷം പ്രസംഗിക്കുന്നത് നിരോധിച്ചിരുന്നെങ്കിലും, മോറിസൺ സമയം പാഴാക്കിയില്ല. രണ്ട് റോമൻ കത്തോലിക്കാ സ്നേഹിതരെ കണ്ടെത്തി അവരിൽ നിന്ന് ചൈനീസ് പഠിക്കാൻ പോയപ്പോൾ, "ഞങ്ങളുടെ ഭാഷ നിങ്ങളെ പഠിപ്പിക്കുന്നത്



ഞങ്ങൾക്ക് അപകടമാണ്, അധികാരികൾ ഞങ്ങളെ അറസ്റ്റ് ചെയ്ത് ഉപദ്രവിക്കുന്നതിനുമുമ്പ് സ്വയം മരിക്കുവാൻ എപ്പോഴും ഞങ്ങൾ വിഷം കരുതിയിരിക്കും" എന്ന് അവർ പറഞ്ഞു. ഭാഷ നന്നായി പഠിച്ച അദ്ദേഹം ആദ്യം ഒരു ചൈനീസ് നിഘണ്ടു നിർമ്മിക്കുകയും, രഹസ്യമായി വേദപുസ്തകം പരിഭാഷപ്പെടുത്തുകയും ചെയ്തു. കാന്റണിൽ എത്തി 18 മാസത്തിനുള്ളിൽ ചൈനീസ് ഭാഷയിൽ ഒരു നിഘണ്ടു തയാറാക്കിയതിന് ഈസ്റ്റ് ഇന്ത്യാ കമ്പനി അദ്ദേഹത്തിന് വിവർത്തകൻ എന്ന പദവിയും പ്രതിമാസ ശമ്പളവും വാഗ്ദാനം ചെയ്തു.



**കുടുംബജീവിതം:** ചൈനയിൽ താമസിച്ചിരുന്ന ഒരു ഇംഗ്ലീഷ് ഡോക്ടറുടെ മകളായ മേരി മാർട്ടിനെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. ചൈനയിലെ ചൂടുള്ള കാലാവസ്ഥയിൽ മേരി വളരെ രോഗിയായി, 1815ൽ രണ്ട് കുഞ്ഞുങ്ങളുമായി ഇംഗ്ലണ്ടിലേക്ക് മടങ്ങാൻ നിർബന്ധിതയായി. മോറിസൺ തന്റെ മുഴുവൻ സമയവും ശുശ്രൂഷയ്ക്കായി നീക്കിവച്ചു. ആറ് വർഷത്തെ വേർപിരിയലിനുശേഷം, മേരിയും കുട്ടികളും ചൈനയിലേക്ക് മടങ്ങി, പക്ഷേ മേരി രോഗബാധിതയായി ഏതാനും ദിവസങ്ങൾക്കുള്ളിൽ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഒമ്പത് വയസ്സുള്ള മകൾ റെബേക്കയെയും ഏഴ് വയസ്സുള്ള മകൻ ജോണിനെയും വിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്ക് തിരിച്ചയച്ചു. കുടുംബജീവിതത്തിൽ നിരവധി കഷ്ടപ്പാടുകളും ഹൃദയവേദനകളും അനുഭവിച്ച മോറിസൺ, മക്കളുടെ വേർപാടിന് ശേഷം ഏകാന്തതയിൽ വേദപുസ്തകം പരിഭാഷപ്പെടുത്തുന്നതിൽ തന്റെ മുഴുവൻ ശ്രദ്ധയും ചെലവഴിച്ചു.

**ശുശ്രൂഷ:** ചൈനീസ് ഭാഷയിലുള്ള അദ്ദേഹത്തിന്റെ അറിവ് അത് വളരെയധികം അഭിവൃദ്ധി പ്രാപിച്ചു. സുവിശേഷത്തിനായി ചൈനയിലേക്കുള്ള ആദ്യ മിഷനറിയായി അദ്ദേഹം കണക്കാക്കപ്പെടുന്നുണ്ടെങ്കിലും, പരസ്യമായി പ്രസംഗിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. ഈസ്റ്റ് ഇന്ത്യാ കമ്പനി അദ്ദേഹത്തിന്റെ സുവിശേഷ പ്രവർത്തനങ്ങൾക്ക് തടസ്സമായിരുന്നിട്ടും, 1815ൽ അദ്ദേഹം ചൈനീസ് ഭാഷയിൽ പുതിയനിയമം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചപ്പോൾ, കമ്പനി മോറിസണെ ജോലിയിൽ നിന്നും പുറത്താക്കി. നിരവധി ഭീഷണികളും, എതിർപ്പുകളും ഉണ്ടായിരുന്നിട്ടും, 1824ൽ വേദപുസ്തകം പൂർണ്ണമായും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു.

അവധിക്കാലത്ത് ഇംഗ്ലണ്ടിൽ പോവുകയും, രണ്ട് വർഷം അവിടെ ചെലവഴിച്ച്, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ചൈനീസ് ജനതയുടെ ആവശ്യങ്ങൾ പങ്കുവച്ച്, മിഷനറിയാകുവാൻ മുന്നോട്ടുവന്നവരെ ചൈനീസ് ഭാഷ പഠിപ്പിക്കുകയും ചെയ്തു. ചൈനീസ് സ്ത്രീകൾക്കിടയിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ട്, ശുശ്രൂഷ ചെയ്യാൻ ആഗ്രഹമുള്ള സ്ത്രീകൾക്കായി അദ്ദേഹം തന്റെ വീട്ടിൽ പ്രത്യേക ക്ലാസുകൾ ക്രമീകരിച്ചു. ആ ക്ലാസിൽ പഠിച്ചവരിൽ പലരും മിഷനറിമാരായി ചൈനയിലേക്ക് പോയി. 1826ൽ അദ്ദേഹം ചൈനയിലേക്ക് മടങ്ങി കാന്റൺ പ്രദേശത്ത് ജോലി ചെയ്തു. ചില ക്രിസ്തീയ സാഹിത്യങ്ങളും അദ്ദേഹം ചൈനീസ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. കമ്പനി ജോലിയുടെയും ശുശ്രൂഷയുടെയും ഭാരിച്ച ജോലിഭാരം നിമിത്തം റോബർട്ടിന്റെ ശക്തി ക്ഷയിച്ചു, രോഗബാധിതനായതിനെ തുടർന്ന് 1834ൽ മരണപ്പെട്ടു. 25 വർഷം ചൈനയിൽ കഠിനാധ്വാനം ചെയ്തിട്ടും കുറച്ച് ജനങ്ങളെ മാത്രമേ ക്രിസ്തുവിലേക്ക് നയിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞുള്ളൂ. പക്ഷേ വേദപുസ്തകം ചൈനീസ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുക എന്ന അനശ്വരമായ ഒരു ജോലി നിർവഹിച്ചു.

**പ്രിയപ്പെട്ട യൗവനക്കാരെ! ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കുടുംബത്തെയും ബന്ധുക്കളെയും സ്വന്തം ജീവിതത്തെപ്പോലും ത്യജിച്ച റോബർട്ടിനെപ്പോലുള്ള മിഷനറിമാരിലൂടെയാണ് അന്ധകാരത്തിൽ വീണുപോയ നിരവധി ജനങ്ങളിലേക്ക് സുവിശേഷത്തിന്റെ വെളിച്ചം എത്തിയത്. അവർ കർത്താവിനുവേണ്ടി ജീവിക്കണം എന്ന ഏക ലക്ഷ്യത്തോടെ ജീവിക്കുകയും, സുവിശേഷത്തിന്റെ വിത്തുകളായി മണ്ണിൽ മരിക്കുകയും ചെയ്തതുകൊണ്ടാണ് ഇന്ന് നാം ക്രിസ്തുവിന്റെ സ്നേഹം അനുഭവിക്കുന്നത്. ഇതുപോലെ ബുദ്ധിമുട്ടുള്ള ഒരു ജോലിസ്ഥലത്ത് ക്രിസ്തുവിനുവേണ്ടി ഒരു ജനക്കൂട്ടത്തെ സ്വർഗ്ഗത്തിലേക്ക് ഒരുക്കുവാൻ നമ്മിൽ എത്രപേർ തയാറാണ്???**

# ക്രിസ്തുമതം

ക്രിസ്തുമതം അന്നും ഇന്നും എന്ന തലക്കെട്ടിൽ നിങ്ങളെ കണ്ടുമുട്ടുവാൻ കൃപ നൽകിയ ദൈവത്തിന് സ്തോത്രം. ഈ മാസം അതിനെ ഹൃദയത്തിലെ ദൈവവചനം എന്ന തലക്കെട്ടുമായി താരതമ്യം ചെയ്യാം. അവധിക്കാലത്ത്, ഞാൻ എന്റെ മുത്തശ്ശിമാരുടെ വീട്ടിൽ പോകുമ്പോൾ, എന്റെ മുത്തച്ഛൻ എന്നോട് വചനങ്ങൾ മനഃപാഠമാക്കാൻ പറയുമായിരുന്നു. ആ സമയത്ത് എനിക്ക് അത് ബുദ്ധിമുട്ടായിരുന്നു. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ, ആ ചെറിയ ശീലത്തിനുപിന്നിൽ എത്രം മഹത്വം ഒളിഞ്ഞിരിക്കുന്നുവെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി.




കുഞ്ഞുങ്ങൾക്കും യൗവനക്കാർക്കുമിടയിൽ ഞാൻ ശുശ്രൂഷ ചെയ്തുവരുന്നു. അതിൽ കുഞ്ഞുങ്ങൾ എളുപ്പത്തിൽ വചനങ്ങൾ മനഃപാഠമാക്കുന്നു. ചിലപ്പോൾ അവർ മത്സരങ്ങളിൽ പങ്കെടുക്കുകയും എത്ര വാക്യങ്ങൾ വേണമെങ്കിലും വേഗത്തിൽ പറയുകയും ചെയ്യും. എന്നാൽ അവർ യൗവനക്കാരാകുമ്പോൾ, ആ വചനങ്ങൾ അവരുടെ മനസ്സിൽ നിന്ന് മാഞ്ഞുപോകുന്നു.

### മത്തായി എന്ന അന്നത്തെ യുവാവ്

അന്നത്തെ യൗവനക്കാരെ സംബന്ധിച്ചിടത്തോളം, ഉദാഹരണത്തിന് മത്തായി എന്ന യുവാവിന് തിരുവചനങ്ങൾ നന്നായി അറിയാമായിരുന്നു. അവിടെ യേശു ചെയ്യുന്ന കാര്യങ്ങൾ കണ്ടപ്പോൾ പഴയനിയമത്തിലെ വചനങ്ങൾ അവന്റെ മനസ്സിലേക്ക് വന്നു. അതുകൊണ്ടാണ് അദ്ദേഹം പഴയനിയമത്തിൽ നിന്ന് 60-ലധികം വചനങ്ങൾ ഉദ്ധരിച്ച് തന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. അതുകൊണ്ടാണ് മത്തായിയുടെ പുസ്തകം പുതിയനിയമത്തിലെ ആദ്യ പുസ്തകവും പഴയനിയമത്തെയും പുതിയ നിയമത്തെയും ബന്ധിപ്പിക്കുന്ന പുസ്തകവുമായിരിക്കുന്നത്. ഒരു തരത്തിൽ, ഒരാളുടെ തിരുവചനങ്ങളെക്കുറിച്ചുള്ള അറിവിന്റെ ഫലമാണിത്!

### ഇന്നത്തെ വെല്ലുവിളി

ഇന്നത്തെ യൗവനക്കാർ വ്യത്യസ്തമായ ഒരു ലോകത്തിലാണ് ജീവിക്കുന്നത്. വളരെയധികം ശ്രദ്ധ തിരിക്കുന്ന കാര്യങ്ങൾ ( മൊബൈൽ ഫോൺ, സമൂഹ മാധ്യമങ്ങൾ, പഠനം, ജോലി). ആ സാഹചര്യത്തിൽ വചനം മനസ്സിൽ തങ്ങിനിൽക്കുന്നത് പ്രയാസമാണ്. എന്നാൽ സത്യം ഒരിക്കലും മാറില്ല. നമ്മുടെ ഹൃദയത്തിൽ എഴുതപ്പെട്ട വചനങ്ങളെ സത്യത്തിന്റെ ആത്മാവ് എടുത്തുകാട്ടി, നമ്മെ വഴിനടത്തും.

### ഓർമ്മപ്പെടുത്തുന്ന വഴികൾ



പ്രധാനപ്പെട്ട ചില ഭാഗങ്ങൾ തിരഞ്ഞെടുത്ത് മനഃപാഠമാക്കുന്നത് നല്ലതാണ് ഉദാഹരണമായി റോമർ8, യോഹന്നാൻ 15, മത്തായി 5:3-12, വചനങ്ങളെ വച്ചുകൊണ്ട് എഴുതിയിരിക്കുന്ന ബർക്കിമസിന്റെ ഗാനങ്ങൾ മനസ്സിൽ ഓർക്കുവിൻ. ഗാനമായി പാടുകയാണെങ്കിൽ, ആ വചനം നിങ്ങളുടെ മനസ്സിൽ വേഗത്തിലും ആഴത്തിലും പതിയപ്പെടും.

### കർത്താവിന്റെ വാഗ്ദത്തം

യിരെമ്യാവ് 31:33ൽ, "ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും" എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു.

ആ വാഗ്ദത്തം അന്നത്തെ യൗവനക്കാർക്ക് സത്യമായിരുന്നു; ഇന്നത്തെ യൗവനക്കാർക്കും അത് സത്യമാണ്. വചനം നമ്മുടെ ഹൃദയത്തിൽ എഴുതപ്പെട്ടാൽ, അത് ഒരു തലമുറയെ മാത്രമല്ല, ഭാവി തലമുറകളെയും മാറ്റുന്ന ഒരു ശക്തിയായിരിക്കും.

**അതുകൊണ്ട് വേദപുസ്തകത്തെ സ്നേഹിക്കുവിൻ!**
**അനുദിനം അതിനെ ജീവിതത്തിൽ പ്രാവർത്തികമാക്കുവിൻ!**

# വാർത്തകൾ!

## ഈ അഗ്നിപർവതത്തിൽ കറുത്ത ലാവ!



ഒഴുകുന്ന തീക്കനൽ പോലെ ലാവയൊഴുകുന്ന അഗ്നിപർവതങ്ങളിൽനിന്നു വ്യത്യസ്തമായ ഒരേയൊരു അഗ്നിപർവതം. ഈ അഗ്നിപർവതത്തിൽ നിന്നു സ്ഫോടനത്തിനു ശേഷം പുറത്തുവരുന്നത് കറുത്തനിറത്തിൽ കരിഓയിൽ പോലുള്ള ദ്രാവകമാണ്.

ആഫ്രിക്കൻ രാജ്യമായ ടാൻസനിയയിലെ ഓൽ ഡോയിന്യോ ലെംഗായ് അഗ്നിപർവതത്തിലാണ് ഈ പ്രതിഭാസം. കാർബൺ അധിഷ്ഠിത ലാവ അഥവാ നാട്രോകാർബൊണറ്റൈറ്റ് ലാവയാണ് ഈ അഗ്നിപർവതത്തിൽ നിന്നൊഴുകുന്നത്.

സാധാരണ അഗ്നിപർവതങ്ങളുടെ ലാവയ്ക്കു താപനില കൂടുതലാണ്. എന്നാൽ, നാട്രോകാർബൊണറ്റൈറ്റ് ലാവ ഉരുകാൻ ഇത്രയധികം ചൂടു വേണ്ട. 2009 ൽ ഈ ലാവയിൽ വീണ ഓരാൾ കാര്യമായി പൊള്ളലേൽക്കാതെ രക്ഷപ്പെട്ടിരുന്നു. ഈ അഗ്നി പർവതത്തിന് ശക്തമായി പൊട്ടിത്തെറിക്കാനുള്ള ശേഷിയുണ്ടെന്നു ശാസ്ത്രജ്ഞർ പറയുന്നു.

ലാവയിൽ ധാരാളം കാർബൺ ഡയോക്സൈഡ് അടങ്ങിയിട്ടുള്ളതും തീവ്രത കൂട്ടുന്ന ഘടകമാണ്. ഭൂമിയുടെ രണ്ടാംപാളിയായ മാന്റിലിൽ ധാതുക്കൾ ഉരുകുന്നതാണ് ഈ സവിശേഷ ലാവയ്ക്കു കാരണം. 2962 മീറ്റർ ഉയരമുള്ള ഈ അഗ്നിപർവതത്തിന് 2 അഗ്നിമുഖങ്ങളുണ്ട്. വടക്കു ദിശയിലെ അഗ്നിമുഖത്തു നിന്നു മാത്രമാണ് ലാവ പ്രവഹിക്കുന്നത്.

വരിക്കപ്ലാവിന്റെ ചക്ക, മൂപ്പ് എത്തുന്നതിനു മുൻപു കൊഴിഞ്ഞു വീഴുന്നു.
ചുവട്ടിൽ നിന്ന് ഏതാണ്ട് നാലടി ഉയരത്തിൽ തടിയിൽ വെള്ളം ഒലിക്കുന്ന ഒരു കേടുവന്ന ഭാഗം ഉണ്ട്.

## ഇതുകൊണ്ടാണോ ചക്ക വാടി വീഴുന്നത്. എന്താണ് ഇതിനുള്ള പ്രതിവിധി?

ചക്ക നന്നായി പിടിക്കുന്നുണ്ടെങ്കിലും മൂപ്പ് എത്തുന്നതിനു മുൻപുതന്നെ കൊഴിഞ്ഞു വീഴുന്നത് ഉൾഭാഗത്തേക്കു കേടുവന്ന കാരണമാണ്. കുമിൾ ബാധ ഉണ്ടായിട്ടുണ്ട്. തടയിലെ കേടു പരിഹരിക്കുകയാണ് പ്രധാനമായും ചെയ്യേണ്ടത്. ഇതിനായി കേടായ ഭാഗം ചെത്തി വൃത്തിയാക്കിയതിനുശേഷം കോൺടാഫ് എന്ന കുമിൾനാശിനി 5 മില്ലി 100 മില്ലി വെള്ളത്തിൽ എന്ന തോതിൽ തേച്ചു പിടിപ്പിക്കുക. ഉണങ്ങിയ ശേഷം റബർ കോട്ട് കൊണ്ടു, വിള്ളൽ വന്ന ഭാഗങ്ങൾ അടച്ചു കൊടുക്കാം.

തടിയിൽ ദ്വാരങ്ങൾ കാണുന്നുവെങ്കിൽ തടിതുരപ്പൻ കീടത്തിന്റെ ആക്രമണം ഉള്ളതായി കരുതാം. ഇതിനു പരിഹാരമായി പഞ്ഞിയിൽ മണ്ണെണ്ണ മുക്കി ദ്വാരത്തിനകത്തേക്കു വച്ചുകൊടുത്തശേഷം ചെളികൊണ്ടു മൂടിക്കൊടുക്കാം. ഇതിനോടൊപ്പം ചുവട്ടിൽ വെള്ളം കെട്ടിക്കിടക്കാതിരിക്കാൻ ശ്രദ്ധിക്കണം. സന്തുലിതമായ വളപ്രയോഗം അനുവർത്തിക്കുക. ട്രൈക്കോഡെർമ ചേർത്തു സമ്പുഷ്ടീകരിച്ച ചാണകം 5-10 കിലോ വരെ ഇട്ടു കൊടുക്കാം.

# ഇത് അല്ല Trend.....!



ഹലോ സ്നേഹിതരേ, ഈ ട്രെൻഡ് ലേഖനത്തിലൂടെ നിങ്ങളെ കാണുവാൻ കഴിഞ്ഞതിൽ വളരെ സന്തോഷം.

ചില കാര്യങ്ങളിൽ മാതൃകാപരമായിരിക്കുവാൻ വേദപുസ്തകം നമ്മെ ഉപദേശിക്കുന്നു. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ നമുക്ക് യോഗ്യമാണോ അല്ലയോ എന്ന് പരിശോധിക്കുന്ന ഒരു പംക്തിയാണ് ഈ ഭാഗമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇന്ന് യൗവനക്കാരാണ് നല്ല കാര്യങ്ങൾ ചെയ്യുന്നതായി കാണുവാൻ കഴിയുന്നത്. ജീവകാരുണ്യ സംഘടനകൾ വഴി നല്ല കാര്യങ്ങൾ ചെയ്യുന്നത് ഒരു **HELPING TENDENCY** ആണ്. അതാണ് പൗലൊസ് തീത്തൊസ് എന്ന യൗവനക്കാരനോട്: "സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്കു മാതൃകയാക്കി കാണിക്ക" (തീത്തൊസ് 2:7) എന്ന് ഉപദേശിച്ചത്. മറ്റുള്ളവർക്ക് നല്ല കാര്യങ്ങൾ ചെയ്യുവാനുള്ള കൃപ തീത്തൊസിനുണ്ടായിരുന്നു.

ചില യൗവനക്കാർ പൂർണ്ണഹൃദയത്തോടെ നന്മ ചെയ്യുന്നു. ചിലർക്ക് നന്മ ചെയ്യുക എന്നത് അൽപ്പം ബുദ്ധിമുട്ടുള്ള കാര്യമാണ്. മറ്റു ചിലർ സ്വയം ഉയർത്തിക്കാട്ടുന്നതിനുവേണ്ടി അതിൽ ഏർപ്പെടുന്നു.

ഞാൻ എല്ലാ കല്പനകളും പ്രമാണിക്കുന്നു. നിത്യജീവൻ പ്രാപിപ്പാൻ ഞാൻ എന്തു നന്മ ചെയ്യണം എന്ന് യേശുക്രിസ്തുവിനെ കണ്ടുമുട്ടിയ യൗവനക്കാരൻ ചോദിക്കുന്നതായി വേദപുസ്തകത്തിൽ നമുക്ക് കാണാം. "നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്ക; എന്നാൽ സ്വർഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും" എന്ന് യേശുക്രിസ്തു പറഞ്ഞു.

പ്രിയപ്പെട്ട യൗവനക്കാരെ, ഇന്ന് നമുക്ക് ചുറ്റും നടക്കുന്ന ചില കാര്യങ്ങൾ വിചിത്രമായി കാണപ്പെടുന്നു. പ്രശസ്തരാകുവാൻ വേണ്ടി ദരിദ്രർക്ക് ദാനം ചെയ്യുന്നത് ഫോട്ടോ എടുത്ത് സ്റ്റാറ്റസ് ഇടുന്നതും, സന്നദ്ധ സംഘടനകൾക്ക് മുന്നിൽ തങ്ങൾ മഹത്തായ കാര്യങ്ങൾ ചെയ്യുന്നതുപോലെ പരസ്യം ചെയ്യുന്നതും ഇങ്ങനെ പല കാര്യങ്ങൾ ട്രെൻഡായിക്കൊണ്ടിരിക്കുന്നു. യൗവനക്കാർ തങ്ങളെ നല്ലവരായി കാണിക്കുവാൻ വേണ്ടി മറ്റുവർക്ക് ചെയ്യുന്ന കാര്യങ്ങൾ പരസ്യപ്പെടുത്തുന്നു.

പ്രിയപ്പെട്ട ദൈവമക്കളെ, വേദപുസ്തകം എന്താണ് പറയുന്നത്? സൽപ്രവൃത്തികൾ മാതൃകയാക്കി കാണിക്ക.

മറ്റുള്ളവർ ചെയ്യുന്ന നന്മയ്ക്കും കർത്താവിന്റെ മക്കളായ നാം ചെയ്യുന്ന നന്മയ്ക്കും തമ്മിൽ വ്യത്യാസമുണ്ട്.

യൂറോപ്യൻ ഭൂഖണ്ഡത്തിൽ നിന്ന് ഒരു മിഷനറിയായി ഇന്ത്യയിലെത്തിയ മദർ തെരേസ ഒരു ഇന്ത്യക്കാരിയായി ജീവിച്ചു. ക്രിസ്തുവിന്റെ സ്നേഹത്തിൽ പ്രചോദിതയായി, കുഷ്ഠരോഗികളെ വെറുപ്പോടെ നോക്കാതെയും, യാതൊരു പ്രതീക്ഷകളുമില്ലാതെയും നന്മകൾ ചെയ്തു.

എന്റെ പ്രിയപ്പെട്ട സ്നേഹിതരെ, മറ്റുള്ളവരുടെ മുന്നിൽ പരസ്യപ്പെടുത്തുവാനല്ല, ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തുവാനായി സൽപ്രവൃത്തികൾ ചെയ്യാം.

"അകത്തുള്ളതു ഭിക്ഷയായി കൊടുപ്പിൻ; എന്നാൽ സകലവും നിങ്ങൾക്കു ശുദ്ധം ആകും" (ലൂക്കൊസ് 11:41) എന്ന് വേദപുസ്തകം പറയുന്നു. നോക്കുവിൻ, നാം ശുദ്ധീകരിക്കപ്പെടണമെങ്കിൽ, നാം മറ്റുള്ളവരെ സഹായിക്കുകയും വേണം. പൂർണ്ണ ഹൃദയത്തോടെ മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ നമുക്ക് മുന്നോട്ട് വരാം. അതാണ് കർത്താവ് പ്രതീക്ഷിക്കുന്നത്. ദരിദ്രനോട് കരുണ കാണിക്കുന്നവൻ കർത്താവിന് വായ്പ കൊടുക്കുന്നു എന്ന് വേദപുസ്തകം നമ്മോട് പറയുന്നു. യേശുക്രിസ്തു പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ, അവൻ നന്മ ചെയ്തു എന്ന് എഴുതിയിരിക്കുന്നു (അപ്പൊ. പ്രവ. 10:38). അതുകൊണ്ട് നാം പരിശുദ്ധാത്മാവിനാൽ നിറയുമ്പോൾ, നന്മ ചെയ്യുവാൻ പ്രേരിപ്പിക്കപ്പെടും. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് അധികം സന്തോഷം. ഈ മാസം നാം ട്രെൻഡ് മാറ്റുവാൻ പോകുന്നു. സൽപ്രവൃത്തികൾ പരസ്യപ്പെടുത്തുന്നതിനുവേണ്ടിയല്ല, മറ്റുള്ളവരുടെ പ്രയോജനത്തിനായി ചെയ്യുവിൻ...! അടുത്ത മാസം വീണ്ടും കാണാം ഫ്രണ്ട്സ് !